# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 7 Reg NO.TNBIL/2016/70171 ISSUE - 7
JULY - 2023 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333



കർത്താവിൽ പ്രിയരെ,

നിങ്ങൾ എല്ലാവരും അയച്ച പണം കിട്ടി. ഓൺലൈനിൽ അയച്ചവർക്കു മറുപടിയും രസീതും അയച്ചില്ല. തിരക്കുകാരണം എന്നെക്കൊണ്ടു സാധിക്കാതെ പോയി. എന്നാലും അയച്ചവർ എല്ലാവർക്കും വേണ്ടി ദൈവത്തെ സ്തുതിക്കുന്നു നിങ്ങൾക്കു നന്ദി രേഖപ്പെടുത്തുന്നു.

പല വർഷങ്ങൾക്കു മുൻപു യുവാക്കൾക്കും യുവതികൾക്കും ഉണ്ടാകുന്ന ലൈംഗീകപരീക്ഷകൾ എങ്ങനെ ജയിക്കണം എന്നു എന്റെ സ്വന്ത അനുഭവത്തിൽ നേരിട്ട പരീക്ഷകളെ എങ്ങനെ ഞാൻ നേരിട്ടു എന്നു ഒന്നും മറെയ്ക്കാതെ ഞാൻ എഴുതിയിരിക്കുന്നു. പല യുവാക്കൾക്കും യുവതികൾക്കും അതു പ്രയോജനമായിരുന്നു എന്ന് അറിഞ്ഞതുകൊണ്ട് ലഘുലേഖയായി പ്രിന്റു ചെയ്ത്

JULY - 2023

ചോദിച്ചവർക്കെല്ലാം അയച്ചു കൊടുത്തു. അതു മൂന്നു തലമുറകൾ കഴിഞ്ഞശേഷം ഇപ്പോഴുള്ള യുവാക്കൾക്കും യുവതികൾക്കും പ്രയോജനമായിരിക്കും എന്നു കരുതി പ്രസിദ്ധീകരിക്കുന്നു. അന്നത്തെക്കാലത്ത് യുവാക്കൾക്കും യുവതികൾക്കും ഉള്ള പരീക്ഷ വേറെ. ഈ നവീന കാലത്തിൽ ഉള്ള പരീക്ഷകൾ വേറെ.

ഇത് കമ്പ്യൂട്ടർ യുഗമാണ്. മൊബൈൽ യുഗമാണ്. മൊബൈൽ ഇല്ലാത്തവർ ആരും ഇല്ല. നല്ല വിഷയത്തിനും ഈ മൊബൈലും കമ്പ്യൂട്ടറും പ്രയോജനപ്പെടുന്നു. ചീത്ത കാര്യങ്ങൾ കാണാനും ഇതേ മൊബൈലും കമ്പ്യൂട്ടറും ഉപയോഗിക്കപ്പെടുന്നു. ഏതു കാണണം കമ്പ്യൂട്ടറിനുള്ളിലും മൊബൈലിനുള്ളിലും ഏതുവരെ പോകാം എന്നറിഞ്ഞാൽ ആരും പാപത്തിൽ വീഴില്ല. നേരത്തെ സിനിമാ കാണുന്നതു പാപം എന്നു വീട്ടിൽ ഉള്ളവർ പറഞ്ഞു കേട്ടിട്ടുണ്ട്. ഇപ്പോൾ സിനിമാ തിയറ്ററിൽ പോകാതെ ഉള്ളം കയ്യിലെ മൊബൈലിൽ രാത്രിയോ പകലോ കണ്ടു രസിക്കാം അതുകൊണ്ടു പഴയകാലത്തെക്കാൾ കമ്പ്യൂട്ടർ യുഗം വളരെ അപകടകരമാണ്. ഈ വിഷയത്തെക്കുറിച്ച് ഈ ലേഖനത്തിൽ ചേർക്കണം എന്നു ഞാൻ ആഗ്രഹിച്ചു. അതുകൊണ്ടു ഈ എഡിറ്റോറിയലിൽ തന്നെ വ്യക്തമായി എഴുതുന്നു. ലൈംഗീകവിഷയം പാപമാണ്. അതു ദൈവത്തെ വിട്ടു നമ്മളെ അകറ്റും.

കമ്പ്യൂട്ടറിലും ഗയിമിലും ശരീരബന്ധമില്ലാതെ ലൈംഗിക വിഷയം അനുഭവിക്കാൻ സാധിക്കും. അതു ഒരു പ്രാവശ്യം അനുഭവിച്ചു കഴിഞ്ഞാൽ അതുപേക്ഷിക്കാൻ സാധിക്കില്ല. എത്രയോ പെൺകുട്ടികൾ ബാല്യക്കാർ ഈ കമ്പ്യൂട്ടർ ലൈംഗീക വിഷയത്തിൽ വീണ് ഒറ്റക്കു ജീവിക്കുന്നു. അങ്ങനെ തന്റെ ജഡത്തെയും ചിന്തയേയും നശിപ്പിച്ചു കൊണ്ട് പോകുന്നു. ഇതിന് അടിമയായിക്കഴിഞ്ഞാൽ അവരെക്കൊണ്ടു നടക്കാൻ സാധിക്കുന്നില്ല സംസാരിക്കാൻ സാധിക്കുന്നില്ല. പുറമേയുള്ളവരോടു പെരുമാറാൻ ഇഷ്ടമില്ല. കടയിലോ മറ്റു സ്ഥലങ്ങളിലോ പോകാൻ ഇഷ്ടമില്ല. വീട്ടിൽ ഇരുട്ടു മുറിയിൽ ജീവിതകാലം മുഴുവനും കിടക്കേണ്ടി വരും.

ഇതിൽ അകപ്പെട്ട രണ്ടു പെൺകുട്ടികളെ മാതാപിതാക്കൾ കൊണ്ടു വന്നപ്പോൾ അവരോടു സംസാരിച്ചു ചില ഗുളികകൾ കൊടുത്ത് പ്രാർത്ഥിച്ചു അയച്ചു. അതിൽ ഒരാൾ ഇന്ന് വിവാഹിതയായി. രണ്ടു കുട്ടികളുടെ അമ്മയായി രക്ഷിക്കപ്പെട്ടു സന്തോഷമായി ജീവിക്കുന്നു.

## കമ്പ്യൂട്ടർ ഗെയിം

ഈ കമ്പ്യൂട്ടർ ഗെയിമിന് പ്രായം ആവശ്യമില്ല. 3, 4 വയസ്സു മുതൽ ബാല്യക്കാർ വരെ ഈ പാപത്തിന് അടിമയാണ്. ഇതു പിശാച് പിള്ളാർ വഴിയായി കുടുംബത്തെ തകർക്കാൻ കണ്ടുപിടിച്ച പുതിയ ഉപകരണമാണ്. തമാശക്കു കളിക്കുന്ന കളി വേറെ. ഗെയിം വേറെ. ചൂതാട്ടക്കളി വേറെ. അതിൽ റമ്മി എന്ന ചീട്ടുകളി പലരുടെ ജീവിതത്തെ തകർത്തിരിക്കുന്നു. ഗവൺമെന്റ് അത് നിരോധിച്ചിരിക്കുന്നു. മറ്റ് പല പേരുകളിൽ ഗെയിം ഉണ്ട്. ഒരാളിനെ വെടിവച്ചു കൊല്ലുന്നത് ഷോക്ക് കൊടുത്ത് കൊല്ലുന്നത്. ഒരാളിനോടു ഒരാൾ കത്തികൊണ്ട് ഫൈറ്റ് ചെയ്യുന്നത്. ഇതിന്റെയെല്ലാം പേര് എനിക്ക് ഓർമ്മയില്ല. സ്കൂൾ കുട്ടികൾ ഇതു കളിച്ച് കുടുംബത്തിൽ തകർച്ച വന്നു കുടുംബത്തിലെ സന്തോഷം നഷ്ടപ്പെട്ടു. ഗെയിമിന് അടിമപ്പെട്ടവർ കുളിക്കില്ല, ആഹാരം കഴിക്കാൻ ഇഷ്ടമില്ല. വീട്ടിൽ അമ്മയോടും അപ്പനോടും സഹോദരങ്ങളോടും സംസാരിക്കാൻ ഇഷ്ടമില്ല. ഈ ഗെയിം റമ്മിയെക്കാൾ ഭയങ്കരമായത് തലച്ചോറിനെ ബാധിച്ച് വിഷാദ രോഗത്തിലേക്കു കൊണ്ടുപോകും. കളിച്ചുകൊണ്ടിരിക്കുമ്പോൾ മൊബൈൽ പിടിച്ചു വാങ്ങിയാൽ അപ്പനായാലും അമ്മയായാലും കൊല്ലാൻ പോലും മടിക്കുന്നില്ല.

**ഇതിന്റെ കാരണം മാതാപിതാക്കൾ തന്നെ**. ചെറുപ്പത്തിലെ മൊബൈൽ ഉപയോഗിക്കുന്നതു നിയന്ത്രിക്കാത്തതു കൊണ്ടു തന്നെ. എത്ര സമയം കളിക്കണം, എത്ര സമയം പഠിക്കണം എന്നു ചെറുപ്പത്തിൽ തന്നെ മാതാപിതാക്കൾ സ്ട്രിക്റ്റായിരുന്നാൽ നിയന്ത്രിക്കാൻ സാധിക്കും. ഇതിനു അടിമയായവർ 9–ാം ക്ലാസുപോലും പാസ്സാക്കുന്നില്ല. തുടർന്ന് പഠിക്കാൻ ഇഷ്ടമില്ല. എത്രയോപേർ കൈയ്യും കാലും ബന്ധിച്ചു മാനസികാരോഗ്യ

ആശുപത്രിയിൽ കിടക്കുന്നു. ഇതിൽ നിന്നു പിള്ളാരെ രക്ഷിക്കാൻ മാതാപിതാക്കളുടെ പ്രാർത്ഥന വളരെ ആവശ്യം. അടുത്തത് ഇതിനായി ട്രീറ്റ്മെന്റ് കൊടുക്കുന്ന ആശുപത്രികൾ ഉണ്ട്. സി.എം.സി. വെല്ലൂരിലും ഇനിയും ചില ആശുപത്രികളിലും ചികിത്സ ഉണ്ട്. ഇങ്ങനെ അടിമയായ പിള്ളാരുടെ എണ്ണം വർദ്ധിച്ചു വരുന്നു. ഇതു വിഷയമായി എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു കരയുന്ന സഹോദരിമാരുടെ എണ്ണം വർദ്ധിച്ചു. പ്രാർത്ഥനാ കത്തുകളും, ഇ–മെയിലും വർദ്ധിക്കുന്നു. വളരെ ആപത്തായ കളിയാണിത്. കഴിയുന്നതുവരെ ചെറിയ കുഞ്ഞായിരിക്കുമ്പോൾ മുതൽ മൊബൈൽ കയ്യിൽ കൊടുക്കാതിരിക്കുന്നത് നല്ലത്. ഒരു പ്രത്യേക പ്രായം വരുമ്പോൾ നല്ല മെച്ച്യൂരിറ്റി പിള്ളാർക്കു വരുമ്പോൾ പിള്ളാർക്കു കൊടുക്കാം. ഈ കാര്യത്തിൽ പിള്ളാരെയും യുവാക്കളെയും യുവതികളെയും നശിപ്പിച്ചതു കൊറോണ ലോക്കൗട്ട് കാലമാണ്. ഓൺലൈൻ ക്ലാസ്, സ്കൂളില്ല, കോളേജില്ല അതുകൊണ്ട് ആരംഭിച്ചതാണ്. അതു മുതൽ തുടങ്ങിയതാണ് പിശാചിന്റെ ഈ കളി. പല കുടുംബങ്ങളെ പലരുടെ തൊഴിലുകളെ തലകീഴാക്കിയതുപോലെ പിള്ളാരുടെ ജീവിതത്തെയും നശിപ്പിച്ചു. ഉപേക്ഷിക്കാനും സാധിക്കുന്നില്ല. അല്ലെങ്കിൽ പിള്ളാരുടെ പഠിത്തം പോകും. മാതാപിതാക്കൾ ഉപവാസത്തോടെ പിള്ളാരെ നോക്കി കൊണ്ടിരിക്കണം. രാത്രി ടോയ്ലെറ്റിലോ, ബാത്ത്റൂമിലോ പോകുമ്പോൾ മൊബൈൽ കൊണ്ടുപോകരുത് എന്ന് പറയണം. കമ്പ്യൂട്ടർ പ്രത്യേക മുറിയിലാക്കാതെ വീട്ടിന്റെ മദ്ധ്യഭാഗത്തു വെക്കണം. കമ്പ്യൂട്ടർ കളിക്കുന്നതു, കാണുന്നതു, എല്ലാവരും കാണണം. അപ്പോ അവർക്കു ഭയം വരും. ജാഗ്രതയായിരിക്കും.

മുകളിൽ പറഞ്ഞ വിഷയമാണു നവീന പാപം. ഇതിൽ അകപ്പെട്ടവർ എല്ലാവർക്കും ഇതു മുഖാന്തരം പ്രശ്നം അനുഭവിക്കുന്ന എല്ലാ കുടുംബങ്ങൾക്കും വേണ്ടി പ്രാർത്ഥിച്ച് ഈ എഡിറ്റോറിയിൽ അവസാനിപ്പിക്കുന്നു.

ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ്**

# തിരിഞ്ഞുനോട്ടം

നമ്പർ 5

എന്റെ ജീവിതത്തിൽ നടന്ന സംഭവങ്ങളെ അതുപോലെ ജാമക്കാരൻ വായനക്കാരോടു തിരിഞ്ഞുനോട്ടം എന്ന ശീർഷകത്തിൽ നേരം കിട്ടുമ്പോഴെല്ലാം കഴിഞ്ഞ കുറെ വർഷങ്ങളായി പങ്കിട്ടുവരികയാണ്. ഇപ്രകാരം ഉള്ള സംഭവങ്ങളിൽ ചിലതു വായനക്കാർക്കു പ്രയോജനം ഉള്ളതും ചിലതു പ്രയോജനം ഇല്ലാത്തതുമാണ്.

ഇപ്രാവശ്യം ഞാൻ എഴുതുന്ന, എന്റെ ജീവിതത്തിൽ നടന്ന ഈ സംഭവം യുവാക്കൾക്കു നിശ്ചയമായി പ്രയോജനപ്പെടുമെന്ന് വിചാരിക്കുന്നു. എന്റെ പല പ്രാർത്ഥനാ യോഗങ്ങളിലും ഈ സംഭവങ്ങൾ ഞാൻ പറഞ്ഞിട്ടുണ്ട്.

ഹൈസ്ക്കൂളിൽ

ഞാൻ ഹൈസ്ക്കൂളിൽ 6–ാം ക്ലാസിൽ (I Form) പഠിച്ചു കൊണ്ടിരുന്നപ്പോൾ എനിക്കു രണ്ടു ആത്മ സ്നേഹിതന്മാർ ഉണ്ടായിരുന്നു. എല്ലാ സമയത്തും ഇവരിൽ ഒരാൾ എന്നോടൊപ്പം ഉണ്ടായിരിക്കും. മറ്റേയാൾ എന്റെ പാട്ടിലും തമാശയിലും മാത്രം രസിക്കുമായിരുന്നു.

ഇങ്ങനെയൊക്കെ ആയിരുന്നാലും ഇവർ രണ്ടു പേരും എനിക്ക് ഒരുപോലായിരുന്നു. ഞങ്ങൾ മൂന്നു പേരും ഒരേ സ്ഥലത്ത് നിന്നാണ് തീവണ്ടി കയറുന്നതും സ്ക്കൂളിൽ നിന്നു വരുന്നതുമെല്ലാം.

ഇവരിൽ ഒരുവന്റെ പേരു പറയാൻ ഞാൻ ഇഷ്ട പ്പെടുന്നില്ല. കാരണം ഇവന്റെ വീട്ടുകാർ ഇതു വായി ക്കാൻ ഇടയായാൽ അവരുടെ മനസ് വേദനിക്കും. അവൻ ചെറുപ്പം മുതൽ തന്നെ ലൗകീക സുഖങ്ങളിൽ മുഴുകിയവനായിരുന്നു. 6–ാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ അവൻ ക്ലാസ് കട്ട് ചെയ്തു സിനിമയ്ക്കും മറ്റും പോകുമായിരുന്നു എന്നു പറഞ്ഞാൽ അവന്റെ ലൗകീക സുഖങ്ങളിലെ താൽപര്യം മനസിലാകുമല്ലോ.

അവൻ തനിയെ പോകുന്നതു മാത്രമല്ല എന്നേയും എന്റെ മറ്റെ കൂട്ടുകാരനേയും കൂടെ സിനിമയ്ക്കു വിളിക്കുമായിരുന്നു. എന്നാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഭയങ്കര പേടിയായിരുന്നു. കാരണം ഞങ്ങൾക്ക് മാതാപിതാക്കളെ ഭയമായിരുന്നു.

മറ്റെ കൂട്ടുകാരന്റെ സഹവാസം കൊണ്ടു ഞാൻ ചില നല്ല കാര്യങ്ങൾ പഠിച്ചു. എന്നാൽ ഇവൻ എന്റെ തമാശയിലും മറ്റും ഒരളവുമാത്രമേ രസിച്ചിരുന്നുള്ളൂ. എന്നാൽ സിനിമയ്ക്ക് പോകുന്ന സ്നേഹിതനോ മുഴവനായി രസിച്ചിരിക്കും.

ഞാൻ നന്നായി സിനിമാപാട്ടു പാടുമായിരുന്നു. ഞങ്ങളുടെ വീട്ടിൽ റേഡിയോ ഇല്ലാതിരുന്നതിനാൽ അടുത്ത വീട്ടിൽ പോയിരുന്ന് പാട്ടുകൾ കേൾക്കുക പതിവായിരുന്നു. സിനിമ കാണാതെ തന്നെ ഞാൻ സിനിമയിലെ പാട്ടുകൾ അതേ രീതിയിൽ പാടുമായിരുന്നു. എന്റെ വീട്ടുകാർ എന്നെ സിനിമയ്ക്കുപോകാൻ അനുവദിച്ചിരുന്നില്ല. എന്റെ സിനിമാ സ്നേഹിതൻ ഞാൻ പാടുന്ന പാട്ടുകൾ ഏതു സിനിമയിലാണെന്നു വിവരിക്കും. അതിനെക്കുറിച്ചു മാത്രം ധാരാളം വർണ്ണിക്കുമായിരുന്നു.

അതെല്ലാം കേട്ടു കേട്ടു എനിക്കും സിനിമയ്ക്ക് പോകണമെന്ന മോഹം ജനിച്ചു. ഒരു വശത്തു വീട്ടുകാരുടെ വിലക്ക്, മറുവശത്തു സിനിമാ മോഹം ഇവ 8–ാം ക്ലാസുവരെ രണ്ടും കൂടെ ഒരുഗ്രൻ പോരാട്ടം. ആ മനപോരാട്ടയുദ്ധം വിജയിച്ചില്ല.

9–ാം ക്ലാസിൽ പ്രവേശിച്ചയുടനെ ഒരു ദിവസം ഏതോ ഒരു സാഹചര്യത്തിൽ ഞങ്ങൾക്കു ഉച്ചവരെ മാത്രമേ ക്ലാസുണ്ടായിരുന്നുള്ളൂ. ഇക്കാര്യം എന്റെ വീട്ടുകാർക്കറിയില്ല എന്നു മാത്രമല്ല എന്റെ നല്ല സ്നേഹിതൻ അന്ന് സ്ക്കൂളിൽ വന്നിട്ടില്ലായിരുന്നു.

ഈ അവസരത്തിലാണ് സിനിമാസ്നേഹിതൻ വഴിയായി പിശാച് എന്നിൽ അടിയുറപ്പിച്ചത്. ഉച്ചയ്ക്ക് വിടും എന്നത് വീട്ടിലാർക്കും അറിയില്ല. മറ്റെ സ്നേഹിതനും കൂടെ ഇല്ല. പിന്നെ എന്തേ നിനക്ക് സിനിമയ്ക്ക് വന്നാൽ നീ

ക്ലാസു കട്ടുചെയ്തല്ലല്ലോ സിനിമയ്ക്ക് വരുന്നത്. അങ്ങനെയാണങ്കിലല്ലേ നീ തെറ്റുകാരനാകയുള്ളൂ.

സിനിമ വിടുന്ന സമയത്താണ് ഞാൻ സാധാരണയായി വീട്ടിൽ എത്തുന്നത്. അതിനാൽ സിനിമയ്ക്കു പോയാൽ, തന്നെ ആർക്കും കണ്ടുപിടിക്കാൻ കഴിയുമായിരുന്നില്ല. ഒരു പക്ഷേ വീട്ടിലെത്താൻ താമസിച്ചാൽ തീവണ്ടി വൈകി എന്നു പറയാം. ഇങ്ങനെയെല്ലാം പറഞ്ഞു ആ സ്നേഹിതൻ എന്നെ സിനിമയ്ക്ക് പോകാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

മനസിന് ഭയങ്കര പോരാട്ടം, ഞാൻ വിയർക്കാൻ തുടങ്ങി.

ഞാൻ സിനിമയ്ക്ക് വരുന്നില്ല എന്നു പറയാൻ എനിക്ക് ധൈര്യം ഇല്ലാഞ്ഞിട്ട് എന്റെ കയ്യിൽ പൈസ ഇല്ലെന്നു ഞാൻ അവനോട് പറഞ്ഞു.

“എടാ നീ വാ പൈസ ഞാൻ തരാം” എന്നു പറഞ്ഞു അവൻ എന്നെ പിടിച്ചു വലിച്ചുകൊണ്ടുപോയി.

എനിക്ക് വളരെ മനപോരാട്ടം ഉണ്ടായി. എന്നെ വിശ്വാസത്തോടെ സ്ക്കൂളിൽ വിട്ട് വീട്ടുകാർക്ക് ദ്രോഹം ചെയ്യുകയല്ലേ എന്ന് എന്റെ ഉള്ളിൽ തോന്നിച്ചു. എന്റെ ചുറ്റും എന്റെ വീട്ടുകാരും സ്വന്തക്കാരും നിൽക്കുന്നതുപോലെ തോന്നി.

അങ്ങനെയാണെങ്കിൽ നിന്റെ മാതാപിതാക്കളും നിന്റെ കൂടെ സിനിമയ്ക്ക് വരുന്നുണ്ടെന്ന് വിചാരിക്ക് അവൻ പറഞ്ഞു.

തറയ്ക്കുള്ള റ്റിക്കറ്റ് എടുക്കുന്ന സ്ഥലത്ത് ഒരു വലിയ ക്യൂ ഉണ്ടായിരുന്നു. ക്യൂവിലെ തിരക്കുമൂലം ഇരുവശവുമുള്ള ഭിത്തി ഇടിച്ചു വീഴ്ത്തും എന്ന് തോന്നിപ്പോയി. ക്യൂവിൽ നിന്നാൽ റ്റിക്കറ്റ് കിട്ടുക യില്ലെന്ന് വിചാരിച്ച് ഭിത്തിയിലുള്ള ചില വിടവുകളിലൂടെ നോക്കി. പിന്നീട് അവൻ എന്നോട് കയറാൻ പറഞ്ഞ് എന്നിട്ട് എനിക്കുള്ള പൈസ എനിക്ക് തരികയും ചെയ്തു. എന്നിട്ട് വീണ്ടും കയറാൻ പറഞ്ഞു.

ഞാൻ മടിച്ചുനിന്നപ്പോൾ അവന് ദേഷ്യം വന്നു.

ഹോ! നാശം നിനക്ക് പൈസയും തന്നിട്ട് നിന്റെ കാല് പിടിക്കണോ? എന്നവൻ അലറി. പിന്നീട് അവൻ എന്നെ ഭിത്തിയുടെ മുകളിൽ വലിച്ചു കയറ്റി.

ഭിത്തിയുടെ പുറത്തിരുന്നതിനാൽ താഴെ വെറും തലകൾ മാത്രമേ കാണാനുണ്ടായിരുന്നുള്ളു. തലകളുടെ പുറത്ത് എങ്ങനെ കാലുവച്ചിറങ്ങും എന്നു ചിന്തിച്ചുകൊണ്ടിരിക്കുമ്പോഴേക്കും എന്റെ സ്നേഹിതനും ഭിത്തിയുടെ മുകളിൽ എത്തിക്കഴിഞ്ഞിരുന്നു.

അവൻ കയറിയ ഉടനെ എന്നെ പിടിച്ചൊരുതള്ള്. തിങ്ങി നിൽക്കുന്ന തലകളുടെ മദ്ധ്യത്തിൽ 'ഡും' എന്നു ഞാൻ വീണു.

"അടിയെടാ ചവിട്ടെടാ!" എന്ന ശബ്ദം ഞാൻ പലരിൽ നിന്നു കേട്ടു.

അപ്പോഴേക്കും എന്റെ ശരീരം രണ്ടു പേരുടെ ഇടയിൽ കിടന്ന് ഞെരുങ്ങുകയായിരുന്നു.

ഞാൻ ഒന്നു തിരിഞ്ഞു. അതുനുമുമ്പേ "അടി, ചവിട്ട്" എന്ന ശബ്ദവും.

ഹോ! എന്റെ സ്നേഹിതനും ചാടിയിരിക്കുന്നു. പിന്നെ അവൻ എന്റെ പേരു വിളിച്ചു ഞാൻ എവിടെയാണെന്ന് ചോദിച്ചു. അവൻ വിളിച്ചത് ക്ലാസിൽ ഹാജർ വിളിക്കുന്നത് പോലെ തോന്നി. ഞാനോ പേടിച്ചു പേടിച്ചിരിക്കുന്നു. അവൻ എന്നെ ഉറക്കെ വിളിക്കുന്നു. മാത്രമല്ല എന്റെ പേരും വിളിക്കുന്നു. എനിക്ക് കോപം വന്നു.

ടിക്കറ്റു കൊടുക്കുന്ന സ്ഥലത്തെത്തിയപ്പോഴാണ് പത്തുപൈസ നഷ്ടപ്പെട്ട വിവരം ഞാനറിയുന്നത്. കൂട്ടുകാരൻ വരുന്നതുവരെ ഞാനവിടെ നിന്നു. അവൻ വന്നു വീണ്ടും പത്തു പൈസ കൂടെ തന്നു.

രണ്ടുപേരും അടുത്തടുത്തിരുന്നു സിനിമ കണ്ടുവെങ്കിലും എനിക്ക് സിനിമ രസിക്കാൻ കഴിഞ്ഞില്ല. ഒരു വിധം സിനിമ കഴിഞ്ഞ് ഞാൻ വീട്ടിൽ വന്നു ചേർന്നു.

വീട്ടിൽ കയറാൻ പേടിതോന്നി. എന്തേ വൈകി എന്ന് ആരും ചോദിച്ചില്ല. എന്റെ ഭാഗ്യം, ആദ്യത്തെ ഒളിച്ചുള്ള സിനിമ കാഴ്ച ഒരു പ്രശ്നവും വരുത്തിയില്ല എന്നുള്ളത് എനിക്ക് ധൈര്യം തന്നു.

രണ്ടു മാസം കഴിഞ്ഞു വീണ്ടും ഒരു സിനിമക്കു പോയി അതിനെതുടർന്നു പലപ്രാവശ്യം സിനിമയ്ക്ക് പോയി.

എന്റെ സ്നേഹിതനു ഞാൻ നന്ദിയുള്ള അടിമയായി.

ഇപ്പോൾ എന്റെ നല്ല സ്നേഹിതനെ ഞാൻ തന്നെ മാറ്റി നിർത്തി. തീവണ്ടിയിൽ ഞങ്ങൾ ഒന്നിച്ചിരിക്കില്ല. അവനോടു കൂടുതൽ അടുത്താൽ എന്റെ പല കുറ്റങ്ങളും അവൻ അറിയേണ്ടിവരുമെന്ന് വിചാരിച്ചു അവനെ വിട്ടു.

എനിക്കുവേണ്ടി സിനിമയ്ക്കും മറ്റും എന്നും പൈസ ചെലവു ചെയ്യുന്നത് എന്റെ സ്നേഹിതനായിരുന്നു. എപ്പോഴും അവനെക്കൊണ്ട് മാത്രം പൈസ എടുപ്പിക്കുന്നതെങ്ങനെ?

അങ്ങനെ എന്നിൽ മോഷണം എന്ന വാസന വളർന്നു. കടയിൽ സാധനങ്ങൾ വാങ്ങുന്നതിനായി തരുന്ന പൈസയിൽ നിന്നും മോഷ്ടിക്കാൻ തുടങ്ങി.

അപ്രകാരം നടന്നതുകൊണ്ട് ആ വർഷം ഞാൻ തോറ്റു.

എന്റെ സ്നേഹിതനിലുള്ള മറ്റൊരു ദുർഗുണം ജോൽസ്യം, കൈരേഖ നോക്കുക എന്നിവയാണ്.

ഒരു പ്രാവശ്യം ഒരു പ്രശസ്തനായ കൈരേഖാ വിദഗ്ദ്ധൻ സേലത്തുള്ള ഒരു ലോഡ്ജിൽ തങ്ങിയിരിക്കുന്നതറിഞ്ഞു 30 രൂപ കൊടുത്തു കൈരേഖാ വിവരം എഴുതി വാങ്ങി. പിന്നീട് മറ്റൊരു ജാതകം പറയുന്ന ജോൽസ്യൻ വന്ന വിവരം അറിഞ്ഞു ഒരു വലിയതുക കൊടുത്തു അവന്റെ നക്ഷത്രം നോക്കി (അവൻ ഒരു ക്രിസ്ത്യാനിയായിരുന്നിട്ടും അവന്റെ അച്ഛൻ ഓരോ കുട്ടി ജനിക്കുന്ന സമയത്തും ആ കുട്ടിയുടെ ജനനസമയം, നക്ഷത്രം ഇവ കുറിച്ചു സൂക്ഷിക്കുമായിരുന്നു).

നക്ഷത്രം നോക്കിയ ശേഷം ആ ജോത്സ്യൻ കുറിച്ചു കൊടുത്ത പുസ്തകം കയ്യിൽ കിട്ടിയതു മുതൽ അവൻ മനപ്രയാശമുള്ളവനായി കാണപ്പെട്ടു. കാരണമെന്താണെന്നു ഞാൻ ആരാഞ്ഞപ്പോൾ തന്റെ നക്ഷത്രവും ആയുസും

വ്യത്യാസമായി കാണുന്നതായി പറഞ്ഞു. കൈരേഖ അനുസരിച്ചു ആയുസ് 87 വയസുവരെ ഉണ്ട്. നക്ഷത്രം അനുസരിച്ചാണെങ്കിൽ 80 വയസുവരെയും.

ആ അഭിപ്രായ വ്യത്യാസത്തിനു 7 വയസിന്റെ വ്യത്യാസമല്ലേ ഉള്ളൂ. നീ മരിക്കണമെങ്കിൽ ഇനിയും എത്ര വർഷം കിടക്കുന്നു. ഇത് ചെറുപ്പത്തിൽ തന്നെ എന്തിനു നീ വിഷമിക്കണം എന്നു ഞാൻ പറഞ്ഞപ്പോൾ 'ഇല്ല' അങ്ങനെ വ്യത്യാസം വരാൻ പാടില്ല എന്നവൻ പറഞ്ഞുകൊണ്ടിരുന്നു.

സിനിമ മോഹം കൂടിയതിനാൽ ഞാൻ തോറ്റു പോകുമെന്നു എനിക്കറിയാമായിരുന്നു. അതുപോലെ തന്നെ സംഭവിക്കുകയും ചെയ്തു. 9-ാം ക്ലാസിൽ ഞാൻ തോറ്റു. ഞാൻ മൂലം ആ സ്കൂളിൽ പല പ്രശ്നങ്ങൾ വന്നതിനാൽ എന്നെ ആ സ്കൂളിൽ നിന്നു മാറ്റി. എന്നിട്ട് 'തിരുവണ്ണാമല' (തമിഴ്നാട്) എന്ന സ്ഥലത്തുള്ള ഒരു ഹോസ്റ്റലിൽ എന്നെ ചേർത്തു. എന്റെ സിനിമാ സ്നേഹിതനും ഞാനും പിരി ഞ്ഞിട്ടു വർഷങ്ങൾ കഴിഞ്ഞു.

എന്റെ ആ കൂട്ടുകാരൻ എങ്ങനെയോ എഞ്ചിനിയറിംഗ് പാസായി. ബോംബേയിൽ ഒരു ഉയർന്ന കമ്പനിയിൽ ധാരാളം ശമ്പളം കിട്ടുന്ന ജോലി നോക്കുന്നു. ഞാനാണെങ്കിൽ പട്ടാളത്തിൽ നിന്നു മെഡിക്കൽ വിദ്യാഭ്യാസം കഴിഞ്ഞു വന്നു.

ഇങ്ങനെ ഞങ്ങൾ വ്യത്യസ്തമായ സാഹചര്യങ്ങളിൽ ഞങ്ങളുടെ യൗവ്വനകാലം ആരംഭിച്ചു.

ഈ ആരംഭ ജീവിതത്തിൽ കർത്താവ് എന്നെ സമീപിച്ചു. ഞാൻ പട്ടാള മെഡിക്കൽ കോളേജിൽ നിന്നും പുറത്തു വന്ന ഉടനെ ഒര് ഗ്രാമത്തിലുള്ള ഗവണ്മെന്റ് ആശുപത്രിയിൽ താൽക്കാലികമായി ജോലിക്ക് ചെന്നു. അതിനുശേഷം സേലത്തു നിന്നു 27 മൈൽ അകലെ ഉള്ള 'ഡാനിഷ് പെട്ട്' എന്ന ഗ്രാമത്തിൽ മിഷൻ ആശുപത്രിയിൽ ഡോക്ടറായി. അത് എനിക്കൊരു ഭാഗ്യമായിരുന്നു. അതേ! അവിടെ യേശു എന്നെ സമീപിച്ചു. എന്നെ രക്ഷിച്ചു. ഞാൻ ഒരു പക്ഷെ അവിടെ ചെന്നില്ലായിരുന്നുവെങ്കിൽ എന്റെ ജീവിതം എങ്ങനെയാകുമായിരുന്നു ആർക്കും വേണ്ടാത്തവനായി ഞാൻ

മരിക്കുമായിരുന്നു. അതിൽ നിന്നും രക്ഷിച്ച എന്റെ യേശുവിന ആയിരമായിരം സ്തോത്രങ്ങൾ.

1964–ാം വർഷത്തിലാണ് ഞാൻ രക്ഷിക്കപ്പെട്ട് ഒരു പുതിയ മനുഷ്യനായത്.

ഞാൻ രക്ഷിക്കപ്പെട്ട ഉടൻ എന്റെ ആദ്യത്തെ ജോലി എന്നോടുകൂടെ ചേർന്നു പാപം ചെയ്ത എന്റെ സ്നേഹിതന്മാർക്ക് എന്നിൽ വന്ന മാറ്റത്തേയും രക്ഷിക്കപ്പെടലിനെയും കുറിച്ച് പറയണം എന്നതായിരുന്നു.

ഈ ജോലി എന്നെ അത്യന്തം വേദനിപ്പിച്ചിരുന്നു. എന്റെ സ്നേഹിതന്മാർ എവിടെ എല്ലാം ചിതറിപ്പോയിരിക്കുന്നുവോ അവിടെ എല്ലാം വളരെ യാത്രാക്ലേശം സഹിച്ചും യാത്രചെയ്തും അവരെ നേരിൽ കണ്ടുപിടിച്ച് എന്റെ രക്ഷയുടെ അനുഭവത്തെക്കുറിച്ചു അറിയിച്ചു.

നേരിൽ കാണാൻ സാധിക്കാത്തവരുടെ മേൽവിലാസം അന്വേഷിച്ചറിഞ്ഞു, കത്തുമൂലം എന്റെ മന മാറ്റത്തെയും രക്ഷിക്കപ്പെടലിനെയും കുറിച്ചറിയിച്ചു. ഈ സംരംഭത്തിൽ എന്നെ ആദ്യമാദ്യം പാപം ചെയ്യാൻ പ്രേരിപ്പിച്ച ബോംബയിലുള്ള എന്റെ സ്നേഹിതന്റെ മേൽവിലാസം വളരെ കഷ്ടപ്പെട്ട് തേടിപ്പിടിച്ചു.

വിലാസം കിട്ടിയ ഉടനെ ഞാൻ തനിച്ചിരുന്നു പ്രാർത്ഥിച്ചശേഷം അവനു കത്തെഴുതി എന്നിൽ വന്ന മാറ്റം, രക്ഷിക്കപ്പെടൽ എന്നിവ തെളിവായെഴുതി നീയും രക്ഷിക്കപ്പെടണം എന്ന് അവനെ പ്രേരിപ്പിച്ചു കത്തെഴുതി.

എന്നാൽ എന്റെ എഴുത്തു കിട്ടിയ ഉടൻ അവൻ വളരെ സന്തോഷിച്ചു. അവൻ എന്നെ ബോംബേയിലേക്ക് ക്ഷണിച്ചു. ബോംബേ ഒരു സ്വർഗ്ഗമാണെന്നും അവിടെയുള്ള കാഴ്ചകൾ രസിക്കാൻ 24 മണിക്കൂർ മതിയാകുന്നില്ല എന്നും, പലവിധത്തിലുള്ള സന്തോഷങ്ങൾ ഇവിടെ അനുഭവിക്കാം എന്നും അവൻ എന്നെ എഴുതി അറിയിച്ചു. എന്നാൽ എന്റെ രക്ഷിപ്പിനെക്കുറിച്ചും ഞാൻ എഴുതിയിരുന്നതിനെ ക്കുറിച്ചും അവൻ ഒന്നും സൂചിപ്പിച്ചില്ല. അതു എനിക്കു വളരെ വേദന തോന്നിച്ചു.

കുറെ മാസങ്ങൾ കഴിഞ്ഞപ്പോൾ അവന്റെ ഒരു കത്ത് എനിക്ക് ലഭിച്ചു.

അതിൽ തനിക്ക് ഒരു രഹസ്യരോഗം വന്നതായും തന്റെ കമ്പനി ഡോക്ടറെ കാണിക്കാൻ നാണമാവുന്നു എന്നും, ആ അസുഖത്തിന്റെ വിവരം മറ്റുള്ളവർ അറിയുകയാണെങ്കിൽ തന്റെ ഉയർന്ന ജോലിക്ക് അപമാനം ആകും എന്നതിനാലും, നീ ഒരു ഡോക്ടർ ആയിരിക്കുന്നതിനാൽ എന്റെ അസുഖത്തെക്കുറിച്ച് വിശദമായി എഴുതുന്നു എന്നു മാത്രവുമല്ല അതിനുവേണ്ട മരുന്നു തനിക്ക് എഴുതി അയിക്കണമെന്നും എഴുതിയിരുന്നു. നീ എഴുതുന്ന മരുന്നു ഞാൻ രഹസ്യമായി വാങ്ങികഴിക്കും അവൻ സൂചിപ്പിച്ചിരുന്നു.

ഈ കത്തു വായിച്ച എനിക്ക് അവനെക്കുറിച്ച് വളരെ വേദന തോന്നി. അവൻ എഴുതിയ കത്തിന് മറുപടിയായി ഞാൻ ഒരു നീണ്ട കത്തു അവനെഴുതി. അതിൽ മുഖ്യമായി, നീ ചോദിച്ചതുമൂലം നിന്റെ രഹസ്യ അസുഖത്തിന് മരുന്നു കുറിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ആദ്യം നീ കർത്താവിന് നിന്നെത്തന്നെ സമർപ്പിക്കുക.

നിന്റെ ശാരീരിക സന്തോഷമാണ് പ്രധാനം എന്നു വിചാരിക്കേണ്ട. ഈ ജഢീക സന്തോഷത്തിന് ഒരു അവസാനമോ ഒന്നുമില്ല. എന്നാൽ ഇതിനുപരിയായി ഒരു ദൈവീക സന്തോഷമുണ്ട്. അതിനെ നീ ഒരു പ്രാവശ്യമെങ്കിലും അനുഭവിക്കണമെന്നാണെന്റെ ആഗ്രഹം. അതിന് നീ വഴിതെളിക്കുമോ? നിന്നെയും കർത്താവ് സ്നേഹിക്കുന്നു. നിന്റെ ജീവിതത്തിൽ നിന്റെ ലൗകിക സുഖത്തെ നീ വിടണം. ഈ ശാരീരിക സുഖമാണ് ലോകം എന്നു നീ ചിന്തിക്കരുത്, എന്നെല്ലാം ഞാൻ അവനെഴുതി. മാത്രമല്ല, ബൈബിളിലെ വചനങ്ങൾ ഉദ്ധരിച്ചു അവന് ഒരു നീണ്ട കത്തെഴുതി.

അതിനു മറുപടി ഉടനെ വന്നു. അതിൽ ഈ ലോകത്തിൽ നീ മാത്രമേ ഡോക്ടറായിട്ടുള്ളോ? ഇവിടെയും രഹസ്യമായി സുഖക്കേടു നോക്കിക്കാൻ തനിക്ക് കഴിയുമെന്നു അവൻ എഴുതി. മാത്രവുമല്ല നീ എന്റെ ആത്മസ്നേഹിത നായതുകൊണ്ട് എന്റെ രഹസ്യം നീ മാത്രം അറിഞ്ഞാൽ മതി എന്നും കൂടെ വിചാരിച്ച് ഞാൻ നിനക്കെഴുതി. നീ എന്താണ് വലിയ ഗമ കാണിക്കുന്നത് എന്നു എഴുതി, അവന്റെ കോപം തീർത്തു.

അവസാനമായി ആ കത്തിൽ എഴുതിയ വാചകമായിരുന്നു എന്നെ അവനെക്കുറിച്ചുള്ള കാര്യം അറിയാൻ പ്രേരിപ്പിച്ചത്.

അവൻ എഴുതിയ വാചകം ഇതായിരുന്നു. “ഈ ലോകം ദൈവം ഉണ്ടാക്കിയതാണ്. ഇവിടെയുള്ള സുഖങ്ങളും മനുഷ്യജന്മങ്ങളും ദൈവത്തിന്റെ അറിവിനാൽ ഉണ്ടായതാണ്. അതിനാൽ അവയെ അനുഭവിക്കാൻ എല്ലാ വിധത്തിലും അവകാശമുണ്ട്”.

ഞാൻ എന്റെ ജോലിയിൽ നിന്നും വിരമിച്ച ശേഷം (Retirement) ഈസി ചെയറിൽ ഇരുന്നു കൊണ്ടു മരണത്തെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന സമയത്തു നീ കത്തിലെഴുതിയ ഉപദേശത്തെക്കുറിച്ച് ആലോചിക്കാം. ഇതു എന്റെ യൗവ്വനകാലം, ഈ പ്രായത്തിൽ ഇതെല്ലാം ഞാൻ അനുഭവിക്കാതെ ഇനി എന്നാണ് ഇതെല്ലാം അനുഭവിക്കേണ്ടത്.

നമ്മുടെ സ്നേഹബന്ധം നിലനിൽക്കണമെങ്കിൽ നീ ഇനി എനിക്കെഴുതുന്ന കത്തിൽ ഈ വിധത്തിൽ ബോറടിക്കുന്ന ഉപദേശങ്ങളെ ദയവായി എനിക്കെഴുതരുത്. ഞാൻ ഇങ്ങനെ എഴുതിയതിൽ നിനക്ക് വേദന തോന്നിയിട്ടുണ്ടെങ്കിൽ എന്നോട് ദയവായി ക്ഷമിക്കുക എന്നെഴുതി.

ആ കത്ത് ഞാൻ കർത്താവിന്റെ അടുത്തുവച്ചു അവനു വേണ്ടി കരഞ്ഞു പ്രാർത്ഥിച്ചു.

അതിനുശേഷം ഞാനും അവനും തമ്മിലുള്ള കത്തിടപാടുകൾ നിർത്തി.

ആറു ആഴ്ച കഴിഞ്ഞു അവന്റെ പിതാവിനു ഒരു കമ്പി വന്നു. ആ കമ്പി അവൻ ജോലി ചെയ്തിരുന്ന കമ്പനിയിൽ നിന്നുമായിരുന്നു. ഇതായിരുന്നു ആ കമ്പിയുടെ ഉള്ളടക്കം.

നിങ്ങളുടെ മകൻ ഒരപകടത്തിൽപ്പെട്ടു മരിച്ചു പോയി. ഞങ്ങൾ ഉടനെ അവനെ അടക്കം ചെയ്തു. ക്ഷമിക്കണം. ഞങ്ങൾ ഖേദിക്കുന്നു. അവന്റെ റൂമിലുള്ള അവന്റെ സാധനങ്ങൾ എടുത്തുകൊണ്ടു പോകുക.

ഈ കമ്പിയുടെ അടിസ്ഥാനത്തിൽ അവന്റെ പിതാവു മാത്രം

ബോംബേയിൽ പോയി അവന്റെ സാധനങ്ങളെല്ലാം എടുത്തുകൊണ്ടു വന്നു അവന്റെ മരണ വിവരം പറഞ്ഞു.

ബോംബേയിൽ സ്ത്രീകളും പുരുഷന്മാരും ചേർന്നുകുളിക്കുന്ന നീന്തൽ കുളങ്ങൾ കുറെ ഉണ്ട്. ഇവൻ ദിവസവും ഒരു നീന്തൽ കുളത്തിൽ പോവുക പതിവായിരുന്നു. എന്നും സ്നേഹിതരുടെ കൂടെ നീന്തൽ കുളത്തിൽ നീന്തി മണിക്കൂറുകളോളം കളിക്കുമായിരുന്നു.

ആ കളി കഴിഞ്ഞു കുളത്തിൽ നിന്നു കയറി തല തുവർത്തിക്കൊണ്ടു പടികൾ കയറി മുകളിൽ വന്നു. അവസാനത്തെ പടിയിൽ കാൽ വച്ചതും കാൽ വഴുതി കുളത്തിൽ വിണു. താഴെ വീണപ്പോൾ തലയ്ക്ക് കാര്യമായി പരിക്കേറ്റു. തൻമൂലം ബോധം നശിച്ചു. അതുകൊണ്ടു അവൻ വെള്ളത്തിനടിയിലായിപ്പോയി.

മറ്റു സ്നേഹിതന്മാർ ഓടിവന്നു നോക്കി. വെള്ളം കണ്ണാടിപോലെയായിരുന്ന തിനാലും വെള്ളത്തിനു ചുറ്റും വിളക്കുകൾ പ്രകാശിക്കുന്നതിനാലും വെള്ളത്തിനുള്ളിൽ കിടക്കുന്ന അവനെ കാണാൻ കഴിഞ്ഞു.

ഇതു അവൻ നീന്തികളിക്കുന്നതിന്റെ ഭാഗമാണെന്നും തനിയെ മുകളിൽ വരുമെന്നും വിചാരിച്ചു കൂട്ടുകാർ ഇരുന്നു. എന്നാൽ പ്രതീക്ഷിച്ച സമയത്തിനുള്ളിൽ ശരീരം മുകളിലോട്ടു പൊങ്ങിയില്ല. ചില നിമിഷങ്ങൾക്കകം മൂക്കിൽ നിന്നും നീർ കുമിളകൾ മുത്തു മുത്തായി വെളിയിൽ വന്നു.

അവന്റെ ഈ സ്ഥിതി അറിഞ്ഞ മറ്റൊരുത്തൻ വെള്ളത്തിൽ ചാടി അവന്റെ മുടിയിൽ പിടിച്ചു മുകളിൽ കൊണ്ടു വന്നു. ഉടൻ ഡോക്ടർ വന്നു. (അവിടെ നീന്തൽ കുളത്തിന് മാത്രമായി ഒരു ഡോക്ടർ എപ്പോഴും ഉണ്ട്).

ഉടനെ പ്രാഥമിക ശുശ്രൂഷ ചെയ്തു വയറ്റിലുള്ള വെള്ളം പുറത്തു ചാടിപ്പിച്ചു. അത്യാവശ്യം വേണ്ട മരുന്നുകളും കൊടുത്തു. എന്നാൽ ഇവ ഒന്നിനും അവനെ രക്ഷിക്കാൻ കഴിഞ്ഞില്ല. എന്നാലും

മരണവിവരം സേലത്തുള്ള മാതാപിതാക്കളെ അറിയിച്ചെങ്കിലും ആ നാളുകളിൽ ഡീസൽ എഞ്ചിൻ ഉണ്ടായിരുന്നില്ല. അന്നു നീരാവികൊണ്ടുള്ള തീവണ്ടികൾ ബോംബയിലെത്താൻ മൂന്നു ദിവസം വേണ്ടിവരും. അതിനാൽ അവനെ അവൻ ജോലി ചെയ്തിരുന്ന കമ്പനിയിൽ ഭരണാധികാരികൾ തന്നെ ക്രിസ്തുവരീതിയിൽ അടക്കം ചെയ്തു.

എന്റെ സ്നേഹിതൻ മരിച്ചു. ഇനി അവനെ എനിക്ക് കാണാൻ സാധിക്കില്ല. ലാസറിനെയും ധനവാനെയും പോലെ ഞങ്ങൾ രണ്ടു പേരും പോയി ചേരുന്ന സ്ഥലവും വ്യത്യസ്തമായി തന്നെയിരിക്കും.

ഈ മരണം എന്റെ മനസിനെ സാരമായി ബാധിച്ചു. ആ എന്റെ സ്നേഹിതന്റെ ആത്മാവിനെക്കുറിച്ചു ഏതോ ഒരു കുറ്റബോധം എന്നെ കുത്തിക്കൊണ്ടേയിരുന്നു.

പാപം ചെയ്യാൻ ഒന്നിച്ചു പണം ചെലവുചെയ്ത നാളുകൾ എന്റെ ഓർമ്മയിൽ വരുന്നു.

എന്നാലും മാനസാന്തരത്തിനെ കുറിച്ച് എന്റെ സ്നേഹിതനോട് അവൻ മരിക്കുന്നതിനു മുമ്പ് കത്ത് വഴി അറിയിക്കുവാൻ എനിക്ക് അവസരം ലഭിച്ചതിനാൽ എന്റെ മനസ്സാക്ഷിയിൽ കുറ്റബോധം ഇല്ല. അതിനുവേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എന്നാലും എന്റെ സ്നേഹിതൻ മാനസാന്തരപ്പെടാതെ മരിച്ചതിൽ വലിയ വിഷമമുണ്ട്. പണം ചെലവാക്കി ബോംബേയിൽ പോയി അവൻ മരിക്കുന്നതിനുമുമ്പ് അവനെ നേരിട്ടുകണ്ടു പറഞ്ഞു പ്രാർത്ഥിച്ചിരുന്നുവെങ്കിൽ എന്റെ മനസ് നിശ്ചയമായും സമാധാനമായേനേ.

ഇവന്റെ മരണത്തിൽ ഒരു മുഖ്യവിശേഷം ശ്രദ്ധിക്കണം.

ഇവൻ പണം ചെലവാക്കി നോക്കിയ നക്ഷത്ര ഫലത്തിൽ ഇവന്റെ ആയുസ് 87 വയസുവരെയാണെന്നും, കൈരേഖയനുസരിച്ച് 80 വയസുവരെയെന്നും കാണുന്നു. എന്നാൽ ഇവൻ തന്റെ 25–ാ മത്തെ വയസിൽ മരിച്ചിരിക്കുന്നു.

എന്തൊരു പരിതാപകരമായ അവസ്ഥ. അവൻ അവന്റെ യൗവ്വനകാലത്തെയും, അവന്റെ കൈരേഖയേയും ജാതകത്തെയും കൂടുതൽ വിശ്വസിച്ചിരുന്നു.

ഇന്നു പല ക്രിസ്ത്യാനികളും ജാതകവും നക്ഷത്രവും അറിഞ്ഞ് ജാതകം എഴുതിവയ്ക്കുന്നതും കൈരേഖ നോക്കുന്നതും എത്ര വലിയ മഠയത്തരം. ഇങ്ങനെ ചെയ്യുന്നവരുടെ ഇടയിൽ യേശു ഇല്ല എന്നും അവൻ മാറി നിൽക്കുന്നു എന്നും അവർ അറി യുന്നില്ലല്ലോ.

നമ്മുടെ കാര്യങ്ങൾ, ഭാവികാലം കർത്താവിന്റെ കയ്യിൽ ഇരിക്കുന്നു എന്ന വിവരം പലരും അറിഞ്ഞും അറിയാതെയും ഇരിക്കുന്നു.

**എങ്കിലും കർത്താവേ, ഞാൻ നിന്നിൽ ആശ്രയിച്ചു....... എന്റെ കാലഗതികൾ നിന്റെ കയ്യിൽ ഇരിക്കുന്നു.........** (സങ്കീ. 31:14,15) എന്നു ദാവീദു പറയുന്നു. കർത്താവു പറയുന്നതു ശ്രദ്ധിക്കൂ.

**....... അഗ്നിപ്രവേശനം ചെയ്യിക്കുന്ന വൻ പ്രശ്നക്കാരൻ; മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ അഞ്ജനക്കാരൻ, എന്നിങ്ങനെ ഉള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യ ങ്ങൾ ചെയ്യുന്നവനെല്ലാം യഹോവയ്ക്ക വെറുപ്പാകുന്നു.......** (ആവ. 18:10,11).

എന്റെ സ്നേഹിതൻ കർത്താവിനെയും അവന്റെ കൃപകളെയും വിശ്വസിച്ചില്ല. എന്നാൽ തന്റെ ശരീര ബലത്തെയും പ്രയോജനമില്ലാത്ത ജാതകത്തെയും വിശ്വസിച്ചു.

കർത്താവിന്റെ വചനങ്ങളെ ഉപേക്ഷിച്ചു എന്നു മാത്രമല്ല കർത്താവിന്റെ വചനങ്ങളെ കേൾക്കാൻ പോലും ഇഷ്ടമില്ലാത്ത ഒരു ക്രിസ്ത്യാനിയായി ജീവിച്ചു.

തന്റെ അറിവ്, പഠിപ്പ്, ബിരുദം, പദവി, ധനം, യൗവ്വനം, ആരോഗ്യം എന്നിവ അവനെ രക്ഷിക്കും എന്നവൻ കരുതി. തന്റെ മരണം വളരെ ദൂരെ എന്നവൻ വിചാരിച്ചു. എന്നാൽ അത് ഇത്ര അടുത്തു തന്റെ അരുകിൽ വരും എന്നവൻ വിചാരിച്ചിരുന്നില്ല.

**ചിലപ്പോൾ ഒരു വഴി മനുഷ്യന്നു ചൊവ്വായി തോന്നുന്നു. അതിന്റെ അവസാനമോ മരണവഴികളത്രേ** (സദൃ. 16:25, 14:12).

**തന്റെ ലംഘനങ്ങളെ മറക്കുന്നവന്നു ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞു ഉപേ ക്ഷിക്കുന്നവന്നോ കരുണ ലഭിക്കും** (സദൃ. 28:13).

**എപ്പോഴും ഭയത്തോടിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.....** (സദൃ. 28:14).

പ്രിയമുള്ള യുവസഹോദരീ, സഹോദരൻമാരെ,

നിന്റെ വഴികൾ ശരിയാക്കുക. നിന്റെ കൂട്ടു കാരന്റെ ചീത്ത അനുഭവം കണ്ടു നിന്റെ തെറ്റുകളിൽ നിന്നു പിന്മാറുക.

എന്റെ സ്നേഹിതനാണ് ആദ്യമായി പാപം ചെയ്യാൻ എന്നെ പ്രേരിപ്പിച്ചത്. പ്രേരിപ്പിച്ചു എന്നു മാത്രമല്ല അതിനു വേണ്ടുന്ന പണം ചെലവു ചെയ്യുകയും ചെയ്തു. അതുകൊണ്ടു എന്റെ മാതാപിതാക്കളെ ദുഃഖമുള്ളവരാക്കി.

ബൈബിളിൽ ഒന്നാം സങ്കീർത്തനത്തിലെ ഒന്നാം വാക്യം വീണ്ടും വീണ്ടും ഓർക്കുക.

അധിക ചിരി, അധിക തമാശ, പരിഹാസം ഇവ നിന്റെ ദൈവീക ജീവിതത്തെ മാറ്റും.

നിന്റെ മാതാപിതാക്കളോ, നിന്റെ ബന്ധുക്കളോ അറിയുന്നില്ല എന്നു വിചാരിച്ചു നീ ചെയ്യുന്ന പാപം, നീ പറയുന്ന നുണ ഇവ ആരംഭത്തിൽ നിനക്ക് ധൈര്യം തരും. എന്നാൽ അതുതന്നെ നിന്റെ നാശത്തിന് അസ്ഥിവാരം ഇടും.

മറ്റുള്ളവർ നിന്റെ കുറവുകളെ ഉണർത്തു മ്പോൾ തന്നെ നിന്റെ തെറ്റായ വഴികളെ ശരിയാക്കുക. അങ്ങനെ ആരംഭത്തിൽ തന്നെ നീ നിന്റെ പാതയെ ശരിയാക്കിയില്ലെങ്കിൽ പിന്നെ നീ ആഗ്രഹിച്ചാലും ആ പാപത്തിൽ നിന്നു നിനക്ക് നിന്നെ മാറ്റാൻ കഴിയുകയില്ല.

ഇതു എന്റെ അനുഭവമാണ്.

**...... ഹൃദയത്തെ കഠിനമാക്കുന്നവനോ അനർത്ഥത്തിൽ അകപ്പെടും** (സദൃ. 28:14).

**കൂടെക്കൂടെ ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ നീക്കുപോക്കില്ലാതെ പെട്ടെന്നു നശിച്ചു പോകും** (സദൃ. 29: 1).

ദാനിയേൽ എങ്ങനെയുള്ളവരെയാണു തന്റെ സ്നേഹിതന്മാരായി തെരഞ്ഞെടുത്തതെന്നു നോക്കുക ദാനി. 2:17,18 അവർ പ്രാർത്ഥിക്കുന്ന സ്നേഹിതന്മാ രെന്നു അറിഞ്ഞിരിക്കുന്നു.

നിന്റെ മൂത്ത സഹോദരനായി ഞാൻ നിനക്കൊരു ആലോചന പറയട്ടെ! നിന്റെ കലാലയ ജീവിതത്തിൽ അല്ലെങ്കിൽ സ്ക്കൂൾ ജീവിതത്തിൽ എപ്പോഴും പ്രാർത്ഥിക്കുന്ന സ്നേഹിതന്മാരെ കണ്ടു പിടിച്ചു അവരോടു കൂട്ടുകൂടുക.

എന്റെ സ്നേഹിതന് സംഭവിച്ചതു പോലെ യേശു ഇല്ലാത്ത മരണം നിനക്ക് വരാൻ പാടില്ല. ഇനി ഞാൻ എന്റെ ആ സ്നേഹിതനു വേണ്ടി എത്രനാൾ ഉപവാസമിരുന്നാലും അവന്റെ ആത്മാവിനെ രക്ഷിക്കാൻ കഴിയുകയില്ല.

ജീവനോടിരിക്കുമ്പോൾ തന്നെ രക്ഷിക്കപ്പെടണം. അല്ലെങ്കിൽ ഒരിക്കലും രക്ഷിക്കപ്പെടാൻ സാദ്ധ്യമല്ല.

ഒരേ ഒരു ജീവിതം. ആ ജീവിതം യേശുവിനോടുകൂടെ ജീവിച്ചു അവസാനിപ്പിക്കുക. ആ ജീവിതത്തിൽ എത്ര സുഖം, സന്തോഷം ഇവ ഉണ്ടായിരിക്കുമെന്നു അനുഭവിച്ചാലേ അറിയാൻ കഴിയൂ.

ജാമക്കാരൻ വായനക്കാരായ എന്റെ പ്രിയ യുവാക്കളെ കർത്താവുതന്നെ നിങ്ങളിലുള്ള എല്ലാ ലൗകീക സുഖങ്ങളെയും മാറ്റി ശരീരത്തെയും ആത്മാവിനെയും കുറ്റമില്ലാത്തതായി വഴി നടത്തട്ടെ.

**''യൗവനക്കാര, നിന്റെ യൗവനത്തിൽ സന്തോഷിക്കുക; യൗവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ച വണ്ണവും നടന്നുകൊള്ളുക;**

**എന്നാൽ**

**ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തി ലേക്കു വരുത്തും എന്നറിയുക''** (സദൃ. 11:9).

**ആമേൻ.**

**ഡോ. പുഷ്പരാജ്**

# തിരിഞ്ഞുനോട്ടം

നമ്പർ 6

എന്നെ പ്രാർത്ഥനയിൽ താങ്ങുന്ന ജാമക്കാരൻ വായനക്കാരോട് എന്റെ ജീവിതത്തിൽ നടന്ന ഒന്നിനെയും മറയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഒരു കുടുംബത്തിന്റെ ആത്മീയ മാസികയാണ് ജാമക്കാരൻ. അതിൽ വരുന്ന വാർത്തകളെല്ലാം ജാമക്കാരൻ വായനക്കാരുടെ കുടുംബത്തിന് മാത്രമായാണ് എഴുതുന്നത്.

"തിരിഞ്ഞുനോട്ടം നമ്പർ 5" ൽ ഞാൻ ഒരു യുവാവായിരുന്ന കാലത്തു നടന്ന ഒരു സംഭവത്തെ ജാമക്കാരൻ വായനക്കാർ കുടുംബത്തിലുള്ള യുവമക്കൾക്കു പ്രയോജനപ്രദ മാകുവാൻ വേണ്ടി എഴുതിയിരുന്നു. പലരും അതിനെ സ്വീകരിച്ചു. ആ ലേഖനം വായിച്ച തിനുശേഷം പലരും ആയച്ച കത്തുകൾ എന്നെ അധികം ഉൽസാഹപ്പെടുത്തി.

തിരിഞ്ഞുനോട്ടം നമ്പർ 5-ൽ എഴുതിയ സംഭവം ഞാൻ രക്ഷിക്കപ്പെടുന്നതിനുമുമ്പും പിമ്പും ആരംഭകാലത്തിൽ സംഭവിച്ചതാണ്. എന്നാൽ ഇപ്രാവശ്യം ഞാൻ എഴുതുന്ന സംഭവം **ഞാൻ രക്ഷിക്കപ്പെട്ടതിനുശേഷം ചില കാലങ്ങളിൽ** സംഭവിച്ചതാണ്. പ്രിയമുള്ളവരേ, ഇപ്രാവശ്യം ഞാൻ എഴുതുന്നത് രക്ഷിക്കപ്പെട്ട യുവാക്കൾ ജീവിതത്തിൽ വീണുപോകാതെ ഇരിക്കുവാൻ സഹായകരമായിരിക്കും. ഇതിൽ എഴുതിയിട്ടുള്ള വിഷയങ്ങളെ വായിക്കുന്നവർക്ക് കർത്താവു തന്നെ അനുഗ്രഹിച്ചു തരുമാറാകട്ടെ.

**രക്ഷിക്കപ്പെട്ടതിനുശേഷം ഒരു വിശ്വാസിക്കു പാപ പരീക്ഷകൾ അവനെ തേടി വരും. അതിൽ നിന്നു എങ്ങനെ ജയിക്കാ എന്നതാണു ഈ ലേഖനത്തിന്റെ ഉദ്ദേശം.**

ഓരോ വിശ്വാസിക്കും രാവിലെയും വൈകുന്നേരവും ഉള്ള പ്രാർത്ഥന വളരെ പ്രധാനപ്പെട്ടതാണ്. ഈ രണ്ട് പ്രാർത്ഥനാ സമയങ്ങളിലും നമുക്ക് ദൈവത്തോട്

സംസാരിക്കാൻ അവസരം ലഭിക്കുന്നു എന്നു മാത്രമല്ല നമ്മുടെ ആത്മീയ ജീവിതത്തിന്റെ സന്തോഷകരമായ നിലയെ അളന്നു നോക്കാൻ ഒരു അളവുകോലായി പ്രയോജനപ്പെടുകയും ചെയ്യും.

മാനസാന്തരപ്പെട്ട് പാപങ്ങളെ ഏറ്റു പറഞ്ഞു രക്ഷയുടെ അനുഭവം ലഭിക്കുമ്പോൾ വിവരിക്കാൻ സാധിക്കാത്ത ഒരു ആത്മീയ സന്തോഷം നമ്മുടെ ഉള്ളിൽ ഉണ്ടാകും.

ഇപ്രകാരമുള്ള സന്തോഷത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ആത്മാവു ഓരോ നാളും ദൈവത്തോടു അടുക്കുവാൻ ആഗ്രഹിക്കും, പ്രാർത്ഥനാ സമയങ്ങൾ നമ്മുടെ കാപട്യങ്ങളെയും, വേദനകളെയും, സങ്കടങ്ങളെയും, പരാജയങ്ങളെയും മറക്കുവാൻ ഉള്ള ഒരു സന്തോഷ സന്ദർഭമായി മാറും. എപ്പോഴാണ് പ്രാർത്ഥനാ സമയം വരുന്നതെന്ന് ആത്മാവ് ആകാംക്ഷയോടെ നോക്കിയിരിക്കും.

മുകളിൽ സൂചിപ്പിച്ച ആത്മീയമായ പ്രാർത്ഥനാ ആഗ്രഹവും ആ സമയത്തുള്ള സന്തോഷവും ദൈവത്തോട് നാം അടുത്തിരിക്കുന്നതു വരെ തുടർന്നു കൊണ്ടിരിക്കും.

ആത്മീയ വിചാരങ്ങളിൽ നിന്നും നാം പിന്തിരിയുമ്പോഴും പാപചിന്തകളും പാപപ്രവൃത്തികളും നമ്മുടെ ഉള്ളിൽ രൂപം കൊള്ളുമ്പോഴും നമുക്കും ദൈവത്തിനും തമ്മിലുള്ള ബന്ധത്തിനു വിടവുണ്ടാകുന്നു.

ദൈവത്തോടുള്ള നിരന്തര കൂട്ടായ്മക്കു വിടവുണ്ടാകുന്നതു നമ്മുടെ ജീവിതത്തിൽ എങ്ങനെ മനസിലാക്കാമെന്നു ചോദിച്ചാൽ, തുടക്കത്തിൽ പ്രാർത്ഥനയോടു നമുക്കുണ്ടായിരുന്ന ഒരു പ്രത്യേക ആത്മീയ ആഗ്രഹം മാത്രവുമല്ല പ്രാർത്ഥിക്കു കുറയുന്നതായി കാണാം. മ്പോൾ നമ്മുടെ ഉള്ളിൽ ഉണ്ടായിക്കൊണ്ടിരുന്ന ആത്മീയ സന്തോഷം ഇല്ലാതായി തീരുന്നു, വേദപു സ്തകം വായിക്കുന്നതിനു താല്പ്യകുറവും ഉണ്ടാകുന്നു. ഇപ്രകാരം, നേരത്തെ ഉണ്ടായിരുന്ന സന്തോഷം നഷ്ട പ്പെട്ടിരിക്കുന്നുവല്ലോ എന്ന വിഷമം നിന്റെ ഉള്ളിൽ ഉണ്ടാ കുന്നതുതന്നെ നിനക്ക് ഇഷ്ടമില്ലാതെ ഇരിക്കും.

ഇങ്ങനെയുള്ള ആത്മീയ നിലയെ ഒരു വിശ്വാസി മനസിലാക്കിക്കൊണ്ട് നഷ്ടപ്പെട്ടുപോയ പ്രാർത്ഥനാ ആഗ്രഹത്തെയും, ആത്മീയ സന്തോഷത്തെയും

വീണ്ടെടുക്കുവാൻ ഒരു വ്യക്തി ആഗ്രഹിക്കുന്നുവെങ്കിൽ ആ വ്യക്തിയിൽ തീർച്ചയായും ആത്മീയ പുതു ഉണർവുണ്ടാകും. നേരെ മറിച്ച് ഇക്കാര്യത്തിൽ ഉദാസീനനായിരുന്നാൽ അതിഭയങ്കരമായ പിൻമാറ്റം ഉണ്ടാകും.

എന്റെ ജീവിതത്തിലും മേൽ പറഞ്ഞ രീതിയിൽ ഒരു അനുഭവം ഉണ്ടായിട്ടുണ്ട്. അതു നിങ്ങളോടു പങ്കുവയ്ക്കുന്നതു നിങ്ങൾക്കു പ്രയോജനമുണ്ടാകും

1964–ൽ ഞാൻ രക്ഷിക്കപ്പെട്ടു. ആരംഭ ദിവസങ്ങളിൽ എന്റെ ആത്മീയ ജീവിതത്തിൽ എന്നെ സഹായിച്ചിരുന്ന നാലു കുടുംബങ്ങൾ ഉണ്ടായിരുന്നു

ഈ നാലു കുടുംബങ്ങളും എന്നെ ആത്മീയമായ ഉപദേശങ്ങൾ നൽകിയും പ്രാർത്ഥിച്ചും മുമ്പോട്ടു നയിച്ചിരുന്നു. ഓരോ ആഴ്ചയിലും ഈ നാലു കുടുംബങ്ങളേയും ഞാൻ ചെന്നു കാണും. ഞങ്ങൾ ഒരുമിച്ചു പ്രാർത്ഥിക്കും.

രക്ഷിക്കപ്പെട്ട ദിവസം മുതൽ എന്റെ പ്രത്യേകമായ പ്രാർത്ഥനാ സമയങ്ങൾ എനിക്ക് സ്വർഗ്ഗീയ സന്തോഷം നൽകുന്നവയായിരുന്നു. എന്നാൽ........

ഒരു ദിവസം എന്റെ രാവിലത്തെ പ്രാർത്ഥന വളരെ പെട്ടെന്നവസാനിപ്പിച്ചു, വേദപുസ്തക വായ നേയും ചുറുക്കി. വൈകുന്നേരത്തെ പ്രാർത്ഥനയിൽ ഉത്സാഹം തോന്നിയുമില്ല. ഇങ്ങനെ പെട്ടെന്നുണ്ടായ മാറ്റം നാലു ദിവസങ്ങൾ തുടർന്നുകൊണ്ടിരുന്നു. അഞ്ചാമത്തെ ദിവസമാണെങ്കിൽ പ്രാർത്ഥനയോടു വെറുപ്പുതോന്നി. അതിനു ശേഷമുള്ള പ്രാർത്ഥന വെറും ഒരു ചടങ്ങായി മാത്രം ചെയ്തിരുന്നു.

കഴിഞ്ഞ ചില ദിവസങ്ങളായി എന്തു കൊണ്ടു എനിക്കു നന്നായി പ്രാർത്ഥിക്കാൻ കഴിയുന്നില്ല എന്ന ഒരേ ചിന്തയായിരുന്നു അന്നു പകൽ മുഴുവനും എന്നിലുണ്ടായിരുന്നത്. ഏതോ ഒരു തെറ്റിന്റെ കുറ്റബോധം എന്നിൽ ആരംഭിച്ചു. എന്നാൽ അതിനു കാരണമെ ന്താണെന്നു എനിക്ക് മനസിലാക്കാൻ കഴിഞ്ഞില്ല. ഞാൻ അറിയാതെതന്നെ ഏതെങ്കിലും പാപത്തിൽ വീണുപോയോ? എനിക്കുതന്നെ മനസിലാക്കാൻ കഴിഞ്ഞില്ല.

എനിക്ക് കഷ്ടങ്ങളോ, വിഷമങ്ങളോ, ആവശ്യങ്ങളോ വരുമ്പോൾ എന്റെ വീട്ടിൽ നിന്നും കുറെ അകലെയായി സ്ഥിതി ചെയ്തിരുന്ന ഒരു റയിൽവേ പാലത്തിൽ ഇരുന്നു ഏകനായി പ്രാർത്ഥിക്കുന്ന പതി വെനിക്കുണ്ടായിരുന്നു. മുമ്പിലത്തെ

പോലെ തന്നെ ഇപ്രാവശ്യവും എന്റെ പ്രാർത്ഥനയ്ക്ക് തടസം വരുത്തിയ പാപം എന്തെന്നു മനസിലാക്കുവാൻ വേണ്ടി ആ പാലത്തിൽ ഇരുന്നു ആലോചിച്ചു കൊണ്ടിരുന്നു.

ആ സ്ഥലം ജനസഞ്ചാരമില്ലാത്ത ഏകാന്തമായ ഒരു സ്ഥലമായിരുന്നു. മുമ്പു ചില സമയത്ത് ഞാൻ ആ പാലത്തിൽ ഇരുന്നു തലയും താഴ്ത്തി ഒച്ചയിട്ടു കരഞ്ഞു പ്രാർത്ഥിച്ച് ആശ്വാസം കണ്ടെത്തിയിട്ടുണ്ട്.

അതുപോലെ ഇപ്രാവശ്യവും ആ സ്ഥലത്തിൽ തന്നെ രണ്ടു ദിവസം പോയി എന്നിലുള്ള പാപം എന്തെന്നു മനസിലാക്കുവാൻ ഞാൻ പരിശ്രമിച്ചു. പക്ഷെ ഫലമുണ്ടായില്ല.

പരസ്യമായി പാപം ചെയ്തിരുന്നാൽ വേഗം കണ്ടു പിടിക്കാമായിരുന്നു. ആയതിനാൽ ഞാൻ പരസ്യമായി പാപം ചെയ്തിട്ടില്ലെന്നു ഉറപ്പുവരുത്തി. പിന്നെ എന്തുകൊണ്ടാണ് എനിക്ക് പ്രാർത്ഥിക്കാൻ കഴിയാത്തത്? വീണ്ടും വീണ്ടും ആലോചിച്ചു.

രാവിലെ മുതൽ ഞാൻ ആരെയെല്ലാമോ കണ്ടുമുട്ടി, എവിടെയെല്ലാം പോയി, ആശുപത്രിയിൽ, രോഗികളെ കാണാൻ പോയ വീടുകൾ ഇങ്ങനെ ഓരോന്നും ചിന്തിച്ചു കൊണ്ടിരുന്നു. പാപത്തിനിടയാക്കുന്ന ഒന്നും തന്നെ കണ്ടുപിടിക്കാൻ സാധിച്ചില്ല.

പിന്നെ എന്തുകൊണ്ടു എനിക്കു പ്രാർത്ഥിക്കാൻ സാധിക്കുന്നില്ല. ഇതിനുള്ള സാഹചര്യങ്ങൾ ഒന്നും തന്നെ കണ്ടു പിടിക്കാൻ സാധിച്ചില്ല എങ്കിലും പാപ ത്തെക്കുറിച്ചുള്ള കുറ്റബോധം എന്നെ വിട്ടുമാറിയില്ലല്ലോ ഈ ചിന്ത എന്നെ വീണ്ടും അലട്ടിക്കൊണ്ടിരുന്നു.

**പ്രാർത്ഥിക്കുവാൻ പോകുന്ന വീടുകളെ പരിശോധിച്ചു**

അവസാനമായി, ഞാൻ പ്രാർത്ഥനയ്ക്കായി പോയ്കൊണ്ടിരുന്ന ആ നാലു വീടുകൾ മുഖാന്തിരം പാപം ഉണ്ടോ എന്നു ചിന്തിക്കുവാൻ ആരംഭിച്ചു. കുറ്റബോധത്തിന്റെ കാരണം പിടികിട്ടി.

വിശ്വാസികളുടെ ഇടയിൽ പാപത്തിനു വഴിയില്ലല്ലോ എന്ന വിചാരത്തിലാണ്

ആദ്യം തന്നെ അവരെപ്പറ്റിയുള്ള ഒരു തെറ്റായ ചിന്ത എന്നിൽ ഉണ്ടാകാഞ്ഞതും ഈ കുറ്റബോധത്തിന്റെ കാരണം കണ്ടുപിടിക്കാൻ ആ വഴിക്കു ചിന്തിക്കാതിരുന്നതും.

പ്രാർത്ഥനയ്ക്കായി പോകുന്ന ഭവനങ്ങളെപ്പറ്റി ചിന്തിക്കാൻ തുടങ്ങി. ഒന്നാമത്തെ ഭവനത്തെപ്പറ്റി ചിന്തിച്ചു. യാതൊന്നും കണ്ടുപിടിക്കാൻ സാധിച്ചില്ല.

രണ്ടാമത്തെ ഭവനത്തെപ്പറ്റി ചിന്തിക്കാൻ തുടങ്ങി കാരണം കണ്ടുപിടിച്ചു. ഈ രണ്ടാമത്തെ വീട്ടിൽ വെച്ച് ഞാൻ പാപത്തിലേക്കു വഴുതി വീഴുമായിരുന്നു എന്നു ഞാൻ മനസിലാക്കി. എന്നാൽ ഞാൻ മുഴുവ നായി വീണില്ല.

ഇവിടെ സംഭവം ക്രിയയിലല്ല, മനസിലാണ്. എന്നാൽ എന്റെ മനസിലും പാപത്തിന്റെ വിചാരം ഉണ്ടായില്ല. പിന്നെ എങ്ങനെയാണ്?

ഈ നാലു ഭവനങ്ങളിലും പ്രാർത്ഥനയ്ക്കായി ആഴ്ചകൾ തോറും പോകുമായിരുന്നു എന്നു ഞാൻ നേരത്തെ പറഞ്ഞുവല്ലോ. ഇവരെല്ലാം തന്നെ എന്നെ വളരെയധികം സ്നേഹിച്ചിരുന്നു; ഉപചരിച്ചിരുന്നു. ഈ നാലു കുടുംബങ്ങളും ആത്മീയ കാര്യങ്ങളെപ്പറ്റി എന്നെ വളരെ ഉപദേശിച്ചിരുന്നു. എന്നാൽ മറ്റു മൂന്നു കുടുംബങ്ങളിലും ഞാൻ സംസാരിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ചെലവഴിച്ചിരുന്ന സമയത്തെക്കാൾ ഈ രണ്ടാമത്തെ വീട്ടിൽ ഞാൻ വളരെയധികം സമയം ചെലവുചെയ്തിരുന്നു. അവരാടു വളരെ കൂടുതൽ സമയം സംസാരിക്കാൻ ഞാൻ ആഗ്രഹിച്ചു.

ഇവിടെയാണു ഞാനറിയാതെതന്നെ പാപ ചിന്തയിൽ വീഴാനിടയുണ്ടായിരുന്നത്.

മറ്റേ മൂന്നു കുടുംബങ്ങളിലേക്ക് പ്രാർത്ഥനയ്ക്കായി ചെല്ലുമ്പോൾ വേദ പുസ്തകത്തിൽ നിന്നു ചില ഭാഗങ്ങൾ വായിച്ചു പ്രാർത്ഥിച്ചിട്ട് ഉടനെ തന്നെ തിരിച്ചു പോരുമായിരുന്നു. എന്നാൽ ഈ രണ്ടാമത്തെ കുടുംബക്കാരോടു മാത്രം അധികസമയം സംസാരിച്ചു ചെലവാക്കാൻ ഞാൻ അറിയാതെ തന്നെ ആഗ്രഹിച്ചു. ഞാനറിയാതെ തന്നെ ആ വീട്ടിൽ എന്റെ മനസ്സ് ലയിച്ചു ചേരുന്നതായും തുടരെ ആ വീട്ടിലുള്ളവരോടു സംസാരിച്ചു കൊണ്ടിരിക്കണമെന്ന വിധത്തിൽ എന്റെ മനസ്സ് ആകർഷിക്കപ്പെടുന്നതായും ഞാൻ മനസിലാക്കി.

എന്നാലും ഒരു ചെറിയ പാപത്തിനുപോലും ഞാൻ വീണിറ്റില്ല. പാപവിചാരങ്ങളും എന്റെ ഉള്ളിൽ രൂപം കൊണ്ടില്ല. ആ വീട്ടിലെ പെൺകുട്ടികളും എന്നോട് തെറ്റായി ഒന്നും പ്രവർത്തിച്ചിട്ടില്ല. എന്നാലും ഉള്ളത്തിന്റെ ആഴത്തിൽ എന്തെങ്കിലും തെറ്റു സംഭവിക്കുമോ എന്ന ഒരു ചിന്ത ഉണ്ടാകുവാൻ തുടങ്ങി. ആ കുറ്റബോധമാണ് എന്നെ ദൈവ സന്നിധയിൽ നില്കാൻ അർഹനല്ലാതാക്കിയത്.

ഇപ്രകാരമുള്ള കുറ്റബോധം എനിക്ക് മാത്ര മല്ല എല്ലാവിശ്വാസികൾക്കും ഉണ്ടാകുന്നതാ ണ്. എന്നാൽ ഈ കുറ്റബോധത്തെ നിസ്സാരമാക്കി തള്ളി അതിനെക്കുറിച്ചു മനോഭാരം ഇല്ലാതെ വിടുന്നതുകൊണ്ടു അവസാനം പരസ്യമായ പാപത്തിൽ മുഴുകി പോകും.

ഏതൊരു മനുഷ്യനും പെട്ടെന്നു പാപത്തിൽ വീഴുന്നില്ല. അവൻ പരസ്യമായി പാപം ചെയ്യു ന്നതിനു മുമ്പു തന്നെ ചിന്തയിലും മനസ്സിലും ആദ്യ മായി വീഴ്ച സംഭവിച്ചു കാണും.

അങ്ങനെ ചിന്താമാറ്റം ഉണ്ടായ ഉടനെ തന്നെ അതു തിരുത്തിയാൽ പരസ്യമായ പാപത്തിൽ വീഴാതെയിരിക്കാൻ സഹായിക്കും.

ദൈവത്തിന് സ്തോത്രം. എന്റെ നിലയും ഇപ്രകാരം തന്നെയാണ് സംരക്ഷിക്കപ്പെട്ടത്.

നമ്മിൽ പാപം ഉണ്ടോ എന്നു പ്രാർത്ഥിക്കുമ്പോൾ തന്നെ മനസിലാക്കുവാൻ സാധിക്കും. കാണുവാനും സാധിക്കും. അവസാനമായി ഞാൻ ഒരു തീരുമാനമെടുത്തു. കുറ്റബോധത്തിനിട വരുത്തിയ ചില ദിവസങ്ങളിൽ ദൈവ സമൂഹത്തിൽ നിന്നും അകലുവാനിടയായ വീട്ടിലേയ്ക്ക് ഇനി പോവുകയില്ല എന്നതായിരുന്നു ആ തീരുമാനം.

ആ ഭവനക്കാർ വിഷമിച്ചാലും സാരമില്ല എന്റെ ആത്മാവു ദൈവ സന്നിധിൽ സന്തോഷമായിരിക്കണം. കുറ്റബോധം ഉണ്ടാകരുത് എന്നതാണ് എനിക്കു വളരെ പ്രധാനം.

ചില ആഴ്ചകൾക്കുശേഷം ആ പ്രത്യേക വീട്ടുകാർ എന്റെ ആശുപത്രിയിൽ വന്നു.

"എന്തുകൊണ്ടാണ് നിങ്ങൾ ഞങ്ങളുടെ വീട്ടിൽ മാത്രം വരാത്തത്? മറ്റേ മൂന്നു വീടുകളിലും പോകുന്നതായി അറിയുന്നുണ്ടല്ലോ" അവർ ചോദിച്ചു.

സത്യാവസ്ഥ ഞാൻ അവരോടു തുറന്നു പറഞ്ഞു.

"നിങ്ങളുടെ വീട്ടിൽ ആരും എനിക്കു ഒരു കേടും വരുത്തിയില്ല. ഞാനും ഒരു തെറ്റും ചെയ്തില്ല. എന്നാൽ മറ്റേ കുടുംബങ്ങളിലുള്ളവരെ ക്കാൾ നിങ്ങളുടെ കുടുംബത്തോടു ഞാൻ കൂടുതൽ ഇടപഴകാൻ ആഗ്രഹിക്കുന്നു. ഏതോ ഒരു ശക്തി എന്നെ ആകർഷിക്കുന്നതായും എനിക്കു തോന്നുന്നു. തന്മൂലം എന്നിൽ കുറ്റബോധം ഉണ്ടായിത്തുടങ്ങി. അങ്ങനെ എന്റെ പ്രാർത്ഥനയിലുള്ള സന്തോഷത്തെ ഞാൻ നഷ്ടപ്പെടുത്തിയതായി ഞാനറിയുന്നു. അവർ നല്ല വിശ്വാസികളായതു കൊണ്ടു എന്നെ തെറ്റിദ്ധരിക്കാതെ എന്റെ ഈ പ്രവൃത്തിയിൽ വളരെയധികം സന്തോഷിച്ചു.

എന്റെ വീട്ടിൽ നിങ്ങൾക്കു ശോധനയുണ്ടങ്കിൽ തീർച്ചയായും നിങ്ങൾ അവിടെ വരണ്ട. എന്നാൽ ഞങ്ങൾ രണ്ടു പേരും നിങ്ങളുടെ അടുത്തു വന്നു പ്രാർത്ഥിക്കും എന്നു പറഞ്ഞു എന്നെ പ്രോൽസാഹിപ്പിച്ചതു മാത്രമല്ല ദൈവത്തിനു നന്ദി പറയുകയും ചെയ്തു.

ആ വീട്ടിലേയ്ക്കുള്ള പോക്ക് ഞാൻ നിർത്തിയ ശേഷം എനിക്ക് പ്രാർത്ഥനയിൽ നേരത്തെ ഉണ്ടായിരുന്ന സന്തോഷം വീണ്ടുകിട്ടി. കുറ്റബോധമില്ലാതെ ദൈവസന്നിധിൽ നിൽക്കുവാൻ എനിക്കു സാധിച്ചു.

വീടുകൾ സന്ദർശിക്കുവാൻ പോകുന്ന ദൈവ വേലക്കാർക്കും എന്റെ ഈ അനുഭവം വളരെയധികം പ്രയോജനകരമാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഏതു വീട്ടിലേക്കായാലും (ഒരു പക്ഷേ അതിലേയ്ക്കുള്ള യഥാർത്ഥ കാരണത്തോടുകൂടെ തന്നെയാണ് എങ്കിലും) തുടർച്ചയായി പോകണമെന്നു മനസിൽ ആഗ്രഹം ഉണ്ടായാൽ സൂക്ഷിക്കേണ്ടതാണ്.

ഏതു വ്യക്തിയോടെങ്കിലും അധികം അടുക്കുവാനോ, അല്ലെങ്കിൽ അധികം സംസാരിക്കുവാനോ മനസിൽ ആഗ്രഹം ഉണ്ടായാൽ മുൻ കരുതൽ ആവശ്യമാണ്. മാത്രവുമല്ല, കൂടുതൽ ചിരി, കൂടുതൽ തമാശ എന്നിവ ആത്മീയ വിചാരത്തെ മാറ്റി വഴിതെറ്റിക്കും.

നമ്മുടെ ശരീരത്തിൽ തന്നെ പാപം ഉണ്ട്, അത് ജന്മപാപം. ഇതിനെയാണ് വി. പൌലൊസ് റോമർക്ക് എഴുതുമ്പോൾ :

**എന്റെ ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അതു എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കി ക്കളയുന്നു** (റോമ. 1:23).

എന്നു തന്റെ ശരീരത്തെ തന്നെ കുറ്റപ്പെടുത്തുന്നു.

നാം രക്ഷിക്കപ്പെട്ട് വിശുദ്ധരായി ജീവിക്കുന്നുവെങ്കിലും നമ്മുടെ ശരീരത്തിൽ ഉണ്ടാകുന്ന വികാരങ്ങളെ മുഴുവനായി ശരീരത്തിൽ നിന്നു മാറ്റുവാൻ സാദ്ധ്യമല്ല. നമ്മുടെ മരണംവരെ ഈ വികാരങ്ങൾ നമ്മുടെ ശരീരത്തിൽ സ്ഥിരമായി ഉണ്ടായിരിക്കും.

പ്രാർത്ഥനാ വിചാരം ഉയർന്നു കൊണ്ടിരിക്കുമ്പോൾ പാപവിചാരം താഴ്ന്നു പോകുന്നു. എന്നാൽ പ്രാർത്ഥന കുറയുമ്പോൾ പാപം വീണ്ടും വെളിപ്പെടുന്നു. നാം ക്രിസ്തുവിനോടു കൂടുതൽ അടുക്കു മ്പോൾ ക്രിസ്തുവിൽ പ്രവേശിക്കുമ്പോൾ ശരീരപരമായ വിചാരങ്ങളെ ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിക്കുന്നു. പിശാച് പാപത്തെ കൊണ്ടു വരുന്നു എന്നത് ശരിയാണ്. എന്നാൽ പിശാചിനു ഇടംകൊടുക്കരുത് (എഫെ.4:27) എന്നു സത്യവേദ പുസ്തകം പറയുന്നു. നാം അനുവദിച്ചാൽ മാത്രമേ പിശാചു നമ്മിൽ പ്രവേശിക്കയുള്ളൂ. അവൻ തനിയെ ഒരിക്കലും പ്രവേശിക്കയില്ല. പ്രാർത്ഥന കുറയുമ്പോൾ നാം തന്നെ പിശാചിനു സ്ഥലമൊരുക്കുന്നു.

തെറ്റായ കൂട്ടുകാരോടു ചേരുമ്പോഴും ആഭാസകരമായ പുസ്തകങ്ങൾ വായിക്കുമ്പോഴും സംഭാഷിക്കുമ്പോഴും നീ അറിയാതെ തന്നെ പിശാചു നിന്നിൽ പ്രവേശിക്കുന്നു. പിശാചിന്റെ പാപ വിചാരങ്ങൾ നിന്നിൽ പ്രവേശിക്കാതിരിക്കാൻ ജാഗ്രതയായിരിക്കുക. കഴിവുള്ളടത്തോളം തനിച്ചു വെറുതെയിരിക്കാൻ ആഗ്രഹിക്കരുത്. അങ്ങനെ തനിച്ചു വെറുതെയിരിക്കാൻ നിർബന്ധിതനായിത്തീർന്നാൽ വേദപുസ്തകമോ മറ്റു ആത്മീയ പുസ്തകങ്ങളോ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

ഇടവിടാതെ ദൈവത്തോട് ഐക്യപ്പെടുക. ആദ്യം നീ പാപത്തെ അന്വേഷിച്ചു

പോയി. എന്നാൽ മാനസാന്തരത്തിനു ശേഷം പാപം നിന്നെ തേടിവരും. സൗജന്യമായി പാപം ചെയ്യുവാൻ പിശാചു നിന്നെ സഹായിക്കും. അതുകൊണ്ട് നീ ഏതു നിലയിലാണോ അതിൽ വളരെ സൂഷ്മതയോടിരിക്കേണ്ടതാണ്.

**എന്നെ തേടിവന്ന മറ്റൊരു പാപം**

എന്റെ ജീവതത്തിലെ മറ്റൊരു സംഭവം ഞാൻ ഓർക്കുന്നു. രക്ഷിക്കപ്പെട്ട എന്റെ ആരംഭ ജീവിതത്തിൽ പാപം എന്റെ ആശുപത്രിയെ തേടി സൗജന്യമായി വന്നു. ദൈവം യോസേഫിനെ കാത്തു സംരക്ഷിച്ചതുപോലെ എന്നെയും പലപ്രാവശ്യം കാത്തുരക്ഷിച്ചു.

ഒരിക്കൽ ഗ്രാമ പ്രദേശത്തിൽ നിന്നും ഒരു യുവതിയെ വൈദ്യശുശ്രൂഷയ്ക്കു വേണ്ടി അവളുടെ പിതാവ് സൈക്കിളിൽ ഇരുത്തി എന്റെ ആശുപത്രിയി ലേക്കു കൊണ്ടുവന്നിരുന്നു. ഞാൻ അവളെ അവളുടെ പിതാവിന്റെ സാന്നിദ്ധ്യത്തിൽ, പരിശോധിച്ച ശേഷം അവളുടെ രോഗത്തിനു 15 ദിവസം ഇഞ്ചക്ഷൻ എടുക്കണമെന്നു ആലോചന നൽകി. അപ്രകാരം അവളുടെ പിതാവ് രണ്ടു ദിവസം അവളെ അശുപത്രിയിലേക്കു കൊണ്ടുവന്നിരുന്നു. അതിനുശേഷം അവളുടെ സഹോദരനായിരുന്നു അവളെ കൂട്ടിക്കൊണ്ടു വന്നിരുന്നത്. ഇങ്ങനെ നാലഞ്ചു ദിവസം കഴിഞ്ഞു.

ഒരു ദിവസം അവൾ തനിച്ചായിരുന്നു ആശുപത്രിയിലേക്ക് വന്നത്. രാവിലെ തന്നെ വന്നു. എന്നാൽ അവൾക്കു ശേഷം വന്നവരെയെല്ലാം മുന്നിലേക്കു പറഞ്ഞയച്ചിട്ട് അവൾ ആ വരിയുടെ ഏറ്റവും അവസാനത്തു പോയി നിന്നു.

എല്ലാ രോഗികളും പോയി കഴിഞ്ഞപ്പോൾ അവസാനം അവൾ വന്നു. എന്നെ തനിച്ചു കാണുവാൻ വേണ്ടിയാണ് അവൾ എല്ലാവരുടെയും പുറകിലായി അവസാനം എന്റെ മുറിയിൽ കടന്നു വന്നതെന്നു പിന്നീടു ഞാൻ മനസിലാക്കി. അവൾ കയറിവന്ന ഉടനെ ഞാൻ അവൾക്കു കുത്തി വയ്ക്കേണ്ട മരുന്നു സൂചിയിൽ എടുക്കുവാൻ ചെന്നു. എന്നാൽ അവൾ സമ്മതിച്ചില്ല.

“എന്നെ ഒരിക്കൽ കൂടെ പരിശോധിക്കണം” എന്നു ആവശ്യപ്പെട്ടുകൊണ്ടു രോഗികളെ പരിശോധിക്കുന്ന മേശമേൽ അവൾ കയറി കിടന്നു.

''ആദ്യത്തെ ദിവസം തന്നെ നിന്നെ പരിശോധിച്ചിട്ടുണ്ടല്ലോ. അതുകൊണ്ടു ഇനി പരിശോധിക്കേണ്ട ആവശ്യമില്ല. തുടർച്ചയായി 15 കുത്തിവയ്പ് നടത്തിയാൽ മാത്രം മതി" ഞാൻ അവളോടു പറഞ്ഞു.

എന്നാൽ അവളുടെ പ്രവൃത്തിയിൽ നിന്നും നടത്തയിൽ നിന്നും അവളുടെ തെറ്റായ ഉദ്ദേശ്യം ഞാൻ മനസിലാക്കി. പരിശോധന മേശയിൽ നിന്നും ഇറങ്ങി കസേരയിൽ ഇരിക്കുവാൻ ഞാൻ ആവശ്യപ്പെട്ടു.

"ഇന്നു നിന്റെ അച്ഛനെ എന്തുകൊണ്ടു കൂട്ടിക്കൊണ്ടുവന്നില്ല".

"വയലിൽ ഞാറു നടുകയാണ്"

"നിന്റെ സഹോദരനെ കൂട്ടിക്കൊണ്ടുവരാമായിരുന്നല്ലോ"

"വയലിൽ ജോലിയുള്ളപ്പോൾ ആരും കൂടെ വരികയില്ല"

"ഒരു യുവതി ഇങ്ങനെ തനിച്ചു ഏഴു മൈൽ നടന്നുവരാമോ?"

"ഞാൻ സാധനങ്ങൾ വാങ്ങുവാൻ ചന്തയിൽ ഇങ്ങനെ തനിയെ പോകുന്നതു പതിവാണ്"

എന്റെ ചോദ്യങ്ങൾക്കെല്ലാം അവൾ കൂസലില്ലാതെ ഉത്തരം പറഞ്ഞു കൊണ്ടേയിരുന്നു. അവസാനം നേരിട്ടുതന്നെ ഞാൻ അവളോട് പറഞ്ഞു.

"എന്തു തന്നെ നീ പറഞ്ഞാലും ഒരു യുവതി ഇങ്ങനെ തനിച്ചു വരുന്നത് നല്ലതല്ല. രണ്ടു ദിവസങ്ങളായി നിന്റെ നടത്ത അത്ര ശരിയാകുന്നില്ല. അത് പിന്നീടു നിനക്ക് ആപത്തായിത്തീരും". ഇങ്ങനെ ഞാൻ പറഞ്ഞപ്പോൾ അവൾ നൽകിയ മറുപടി കേട്ടു ഞാൻ ഞെട്ടിപ്പോയി.

"എനിക്ക് തന്നെ ഒരു ഭയവുമില്ല, പിന്നെ എന്തിനാ ഡോക്ടർ ഇങ്ങനെ ഭയപ്പെടുന്നത്?" ഈ മറുപടിക്ക് ശേഷം അവളുടെ നോട്ടം എന്നെ തെറ്റു ചെയ്യുവാൻ പ്രേരിപ്പിക്കുന്ന വിധത്തിലായിരുന്നു.

അവളോടു ഞാൻ ഇപ്രകാരം പറഞ്ഞു.

''നിന്റെ വിചാരം എന്താണെന്ന് ഞാൻ മനസിലാക്കുന്നുണ്ട്. നിനക്ക് ഭയമില്ലായിരിക്കാം. പക്ഷെ എന്നെക്കുറിച്ചു എനിക്ക് ഭയമുണ്ട്. ഞാനും ഒരു യുവാവാണ്. എനിക്കും വികാരങ്ങൾ ഉണ്ട്. മനുഷ്യൻ എന്ന നിലയിൽ പല ആശകളും ഉണ്ട്. എന്നാൽ എന്റെ യേശുവിനു എന്നെ അടിമയാക്കിയ ആ നിമിഷം

മുതൽ എന്റെ യേശുവിന്റെ മനസിനെ വേദനിപ്പിക്കുന്ന ഏതു കാര്യവും പ്രവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

എന്റെ കരങ്ങളാൽ ഞാൻ പാപം ചെയ്യുകയാണെങ്കിൽ അവന്റെ കരങ്ങളിൽ രക്തം വാർന്നൊഴുകും. ഒരു പ്രാവശ്യം എനിക്കു വേണ്ടി, എന്റെ പാപ ത്തിനുവേണ്ടി അവൻ പാടുകൾ അനുഭവിച്ചു; ശിക്ഷിക്കപ്പെട്ടു അതുമതി. വീണ്ടും വീണ്ടും ഞാൻ അവനെ വേദനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. യേശുവിനു എന്നെ അർപ്പിക്കുന്നതു വരെ ഞാൻ പാപത്തെ അന്വേഷിച്ചു തെരുവീഥിയിൽ അലഞ്ഞു നടന്നിരുന്ന ഒരു നായായിരുന്നു. എന്നാൽ ഇന്നു ക്രിസ്തുവിനെ അറിയിക്കുന്ന നന്ദിയുള്ള ഒരു നായായി അലഞ്ഞു തിരിയുന്നു എന്നു എന്റെ സാക്ഷിയെ അവളോടു ചുരുക്കി പറഞ്ഞു. എന്നാൽ അവൾ എന്റെ സാക്ഷി ഇഷ്ടപ്പെട്ടില്ല എന്നു ഞാൻ മനസിലാക്കി. അവൾക്കു എന്റെ നേരെ വിദ്വേഷവും കോപവും ജ്വലിച്ചു. ഇനിമേലാൽ ഒറ്റയ്ക്ക് വരാതെ മറ്റാരെയെങ്കിലും കൂട്ടിക്കൊണ്ടു വരണമെന്നു അവളെ താക്കീതു (Warn) ചെയ്തു അന്നത്തേയ്ക്കുള്ള മരുന്നു കുത്തിവച്ച് അവളെ അയച്ചു.

പിറ്റെ ദിവസം അവളുടെ അച്ഛനെയും കൂട്ടിയാണു അവൾ വന്നത്. മരുന്നു കുത്തി വയ്ക്കുവാൻ വെറുപ്പോടെ അവൾ തന്റെ കൈനീട്ടി. ഞാൻ അവളുടെ തെറ്റ് അവളുടെ പിതാവിനോടറിയിച്ചില്ല.

പ്രിയപ്പെട്ട യുവ സഹോദര-സഹോദരികളെ, വിശ്വാസികളേ,

ഇങ്ങനെ എന്റെ അനുഭവ സംഭവങ്ങളെ പരസ്യമായി എന്തിന് എഴുതി എന്നു നിങ്ങൾ വിചാരിച്ചേക്കാം. എന്നാൽ തങ്ങൾക്കു സംഭവിക്കുന്ന പ്രശ്നങ്ങളെ പുറത്തു പറയുവാൻ മനസില്ലാതെയും ഉപദേശിക്കാൻ ആരുമില്ല എന്ന കാരണത്താലും പലരും വീണ്ടും വീണ്ടും പാപ ചുഴിയിൽ വീണു വിഷമിക്കു ന്നല്ലോ അങ്ങനെയുള്ളവർക്കു എന്റെ ഈ അനുഭവ ങ്ങൾ പ്രയോജനകരമായിരിക്കും.

മേൽ വിവരിച്ച സംഭവം 1966 ലാണു നടന്നത്. എങ്കിലും ഇതു എഴുതുന്ന ഈ സന്ദർഭത്തിലും എനിക്കു പരീക്ഷകൾ ഉണ്ട്. ഇത്രയും വർഷത്തെ അനുഭവമുള്ള ദൈവ വേലക്കാരനാണെങ്കിലും പല രൂപങ്ങളിൽ പല സന്ദർഭങ്ങളിലും പിശാച് എന്നെ വഴി തെറ്റിക്കാൻ മുതിർന്നുകൊണ്ടിരിക്കുകയാണ്.

ദൈവവേലയിൽ കൂടുതൽ സമയം ചെലവു ചെയ്തു ശ്രദ്ധിച്ചു ദൈവവേല

ചെയ്യുകയും അതേ സമയം പ്രാർത്ഥന കുറയുകയും ചെയ്താൽ പിശാചു പതുക്കെ ഉള്ളിൽ പ്രവേശിക്കും. അങ്ങനെ വരുമ്പോൾ വ്യക്തമല്ലാത്ത ഒരു കുഴപ്പവും ഇല്ല എന്ന് എന്റെ ഉള്ളിൽ തോന്നും. ഇതു മനസിലാക്കി ആദ്യഘട്ടത്തിൽ തന്നെ ഉപവസിച്ചു പ്രാർത്ഥിച്ചു ശരി യാക്കിയില്ലെങ്കിൽ മറ്റുള്ളവരെ ഉപദേശിക്കുന്ന നാം പാപത്തിൽ വീഴാൻ സാദ്ധ്യതയുണ്ടാകും. അതുകൊണ്ടുതന്നെ ഞാൻ കൂടുതലായി അടിക്കടി ഉപവസിച്ചും തുടരെ പ്രാർത്ഥിച്ചും വരുന്നു.

ഏതു സുവിശേഷകനായാലും വിശ്വാസിയായാലും ഉപവസിക്കേണ്ടതു വളരെ അത്യാവശ്യമാണ്. ഉപവസിക്കാത്ത ദൈവവേലക്കാരനു തീർച്ചയായും പിന്മാറ്റം ഉണ്ടാകും.

**മറ്റുള്ളവരോടു പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്നു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നത്** (1 കൊരി. 9:27).

എന്നു പൌലൊസ് അപ്പോസ്തലൻ ശരീരത്ത **ദണ്ഡിപ്പിക്കുന്നതായി** പ്രബോധിപ്പിക്കുന്നു. ഇപ്രകാരം ശരീരത്തെ ദണ്ഡിപ്പിക്കുന്നതിനു ഉപവാസം കൊണ്ടു മാത്രമേ സാധിക്കയുള്ളൂ. അതിനുശേഷമേ ശരീരത്തെ അടിമയാക്കാൻ കഴിയുകയുള്ളൂ. അതായതു നമ്മുടെ ശരീരത്തെ ഒരു നിയന്ത്രണത്തിൽ കൊണ്ടുവരാൻ സാദ്ധ്യമാവുകയുള്ളൂ.

എത്ര വർഷം ഇങ്ങനെ ചെയ്യേണമെന്നു ചിലർ ഒരു പക്ഷെ ചോദിച്ചേക്കാം. നമ്മുടെ അവസാന നിമിഷം വരെ ഇതു തുടർന്നുകൊണ്ടിരിക്കണം. കാരണം ശാരീരിക വികാരം മനുഷ്യന്റെ മരണംവരെ എല്ലാവർക്കും ഉണ്ടായിരിക്കും. ഇത്തരത്തിലുള്ള പരീ ക്ഷകളിൽ എന്നെ വിജയിക്കുവാൻ സഹായിക്കുന്ന ഒരു പ്രാർത്ഥനയുണ്ട്. അതു നിങ്ങൾക്കു ഏവർക്കും പ്രയോജനപ്പെടുമെന്നു വിചാരിച്ചു ഇവിടെ കുറിക്കുന്നു.

ഓരോ ദിവസവും രാവിലെ നമ്മുടെ ശരീരത്തിലെ ഓരോ **അവയവങ്ങൾക്കു വേണ്ടിയും** പ്രാർത്ഥിച്ചു സമർപ്പിക്കേണ്ടതാണ്.

ദാവീദ് ഇപ്രകാരം പറയുന്നു.

**'യഹോവേ, എന്റെ വായ്ക്കു കാവൽ നിർത്തി എന്റെ അധരദ്വാരം**

**കാക്കേണമേ..... എന്റെ ഹൃദയത്തെ ദുഷ്കാര്യത്തിനു ചായ്ക്കരുതേ'** (സങ്കീ.141:3,4). ദാവീദിന്റെ മകനായ ശലോമോൻ തന്റെ സദൃശ്യവാക്യത്തിൽ

**സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക** (സദൃ. 4:23)

എന്നു പറയുന്നു.

കർത്താവു നമ്മുടെ ശരീരത്തിലെ എല്ലാ അവയവങ്ങൾക്കും നിയന്ത്രണം നൽകി സൂക്ഷിച്ചു കൊള്ളും.

**കണ്ണ്**

ആദ്യമായി ഓരോ ദിവസവും രാവിലെ എന്റെ കണ്ണുകൾക്ക് വേണ്ടി ഞാൻ പ്രാർത്ഥിക്കും. നമ്മുടെ ശരീരത്തിലെ അവയവങ്ങൾ മുഴുവനേയും പാപത്തിലേക്ക് പ്രവേശിപ്പിക്കുന്നത് കണ്ണു കൊണ്ടാണ്.

**ഹൃദയ**ത്തിന്റെ വാതിൽ കണ്ണ് എന്നു എഴുതിയി രിക്കുന്നു. ഈ കണ്ണു മുഖാന്തിരം ഏതെല്ലാം നീ കാണു ന്നുവോ അതെല്ലാം നിന്റെ മനസിനെ ബാധിക്കും. അതിനെ തുടർന്ന് ശരീരവും ബാധിക്കപ്പെടും.

“കർത്താവേ, ഈ പകൽ മുഴുവനും എന്റെ ഈ കണ്ണുകൾ കൊണ്ടു പാപകാര്യങ്ങളെ കാണുവാൻ ഇടയാകരുതേ, ഹൃദയത്തിലെ വികാരങ്ങളെ ഇളക്കി വിടുന്ന യാതൊരു പുസ്തകമോ, സിനിമ പോസ്റ്ററോ കാണാൻ ഇടയാകരുതേ” എന്നു പ്രാർത്ഥിക്കേണ്ടതാണ്.

ഈ പ്രാർത്ഥനയോടെ തന്നെ ഇറങ്ങിയാലും തെരുവുകളിൽ ഒട്ടിച്ചിരിക്കുന്ന ആഭാസകരമായ പര സ്യചിത്രങ്ങളെ നാം കാണാൻ ഇടയായേക്കാം. എങ്കിലും നാം രാവിലെ കണ്ണിന്റെ സംരക്ഷണത്തിനു വേണ്ടി പ്രാർത്ഥിച്ചു ശക്തി പ്രാപിക്കുകയാണെങ്കിൽ ആ ചിത്രങ്ങളെ നോക്കിയാലും അത് നമ്മുടെ ഹൃദയത്തെ ആകർഷിക്കുകയില്ല.

ഒരു പക്ഷെ യാദൃശ്ചികമായി വികാരങ്ങളെ ഇള ക്കിവിടുന്ന ഒരു ചിത്രം കാണാൻ ഇടയായാൽ പോലും അത് തെറ്റല്ല. അതിനെ തന്നെ സൂക്ഷിച്ചു വീണ്ടും വീണ്ടും നോക്കി രസിക്കുന്നതിലാണ് തെറ്റു ആരംഭിക്കുന്നത്.

**കാലുകൾ**

രണ്ടാമതായി എന്റെ കാലുകൾക്ക് വേണ്ടിയും ഞാൻ പ്രാർത്ഥിക്കും.

“ദൈവമേ, നിനക്ക് പ്രിയമില്ലാത്ത ഏതു വഴിക്കും, പരീക്ഷകളുള്ള യാതൊരു വീട്ടിലേക്കും ഞാൻ പോകു വാൻ ഇടയാകരുതേ. എന്റെ കാലുകൾക്കു ഒരു നിയന്ത്രണം വയ്ക്കേണമേ” എന്ന് പ്രാർത്ഥിക്കേണ്ടതാണ്.

ഏതു വീട്ടിൽ നിനക്ക് പരീക്ഷകൾ ഉണ്ടോ ആ വീട്ടിലേക്ക് തുടർച്ചയായി പോകരുത്. ആ വ്യക്തിയെ കാണാനും സംസാരിക്കാനും ഇഷ്ടപ്പെടരുത്. ഏതു വ്യക്തിയെ കാണുമ്പോൾ നിന്റെ മനസ്സു ചലനം ഉണ്ടാക്കുന്നുവോ ആ വ്യക്തി വീണ്ടും കാണാൻ ശ്രമിക്കരുത്.

ആ വ്യക്തി ദൈവവേലക്കാരനായാലും വിശ്വാസിയായാലും, വിവാഹിതരായാലും, അവിവാഹിതരായാലും മുൻ കരുതലോടെ നിന്റെ ആത്മാവിനെ കാത്തു കൊള്ളുക.

പിശാചു ചില സമയങ്ങളിൽ ദൈവമക്കൾ മുഖാന്തിരമായും പരീക്ഷകൾ കൊണ്ടുവന്ന് നിന്നെ സന്ദർശിച്ചേക്കാം. ജാഗ്രതയായിരിക്കുക.

ദൈവവേല ചെയ്യുന്നതു പോലെ നിന്റെ ഉള്ളം ചില സമയങ്ങളിൽ നിന്നെ സംതൃപ്തനാക്കി നിന്നെ വീഴ്ത്തിക്കളയുന്ന സ്ഥലങ്ങളിലേക്കു നിന്നെ വഹിച്ചുകൊണ്ടു പോകും. നിന്റെ കാലുകൾക്കു പരിശുദ്ധ മായ ഒരു നിയന്ത്രണം ആവശ്യമാണ്.

**ഹൃദയം**

മൂന്നാമതായി ഞാൻ എന്റെ ഹൃദയചിന്തകൾക്കു വേണ്ടി പ്രാർത്ഥിക്കാറുണ്ട്.

ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതി യിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു (സങ്കീ. 60:18).

സഹോദരികളിൽ അധികം പേരും പ്രവൃത്തികളിൽ പരസ്യമായി പാപം ചെയ്യുന്നില്ല. എന്നാൽ ചിന്തയിലും മനസിന്റെ സങ്കൽപ്പത്തിലും കണ്ണുക ളിലും പാപം ചെയ്യുന്നു. അങ്ങനെ ചിന്തയിൽ ചെയ്യുന്ന പാപം ആരും പുറത്തു അറിയുകയില്ല. എന്നാൽ പാപത്തെ ഓർത്തു സങ്കൽപ്പത്തിൽ രസിച്ചു തന്നത്താൻ തൃപ്തിപ്പെട്ടുകൊള്ളുന്നു അങ്ങനെ ശരീ രത്തിൽ ഒടുങ്ങി പോകുന്നു.

**....... നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു** (റോമ. 1:21) എന്നു വേദപുസ്തകം പറയുന്നു. നിരൂപണം (ചിന്ത) വളരെ ആപൽക്കരമാണെന്നതു പലർക്കും മനസിലാകുന്നില്ല.

ഈ ഹൃദയനിരൂപണം, അതായതു ചിന്ത, ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത് രാത്രി സമയങ്ങളിലാണ്. ഉറക്കമിളച്ചിരിക്കുമ്പോഴാണ് നീ അധികവും ഇപ്രകാരം ചിന്തിക്കുന്നത്. തെറ്റായ വിചാരങ്ങളിൽ നിന്നു വിമുക്തനാകാൻ ദാവീദിന്റെ ഉപദേശ ങ്ങളെ ശ്രദ്ധിക്കുക.

**...... നിങ്ങളുടെ കിടക്കമേൽ (കർത്താവിനോട്) ധ്യാനിച്ചു മൗനമായിരിപ്പിൻ** (സങ്കീ. 4:4).

അടുത്തതായി സങ്കീ. 4:3 ൽ "ഞാൻ യഹോവയെ വിളിച്ചപേക്ഷിക്കുമ്പോൾ അവൻ കേൾക്കും" എന്നു ദാവീദു പറഞ്ഞശേഷം "നിന്റെ കിടക്കയിലും ഉറക്കം വരുന്നതുവരെ കർത്താവിനോടു കൂടെ സംസാരിച്ചു കൊണ്ടിരിപ്പിൻ" എന്നു ഉപദേശിക്കുകയും ചെയ്യുന്നു.

ഇപ്രകാരം കർത്താവിനോടു കൂടെ സംസാരിച്ചു കൊണ്ടിരുന്നാൽ മറ്റൊരു വിചാരത്തിന് ഇടവരികയില്ല. നിന്റെ നിദ്രയിൽ പേടി സ്വപ്നങ്ങളും ചീത്ത സ്വപ്നങ്ങളും ഉണ്ടാവുകയില്ല. സുഖനിദ്ര അനുഭവപ്പെടും.

ഇപ്രകാരം ഓരോ ദിവസവും ഞാൻ പ്രാർത്ഥിച്ചു കർത്താവിന്റെ കരങ്ങളിൽ കാത്തു രക്ഷിക്കപ്പെടുന്നു.

രാത്രി ആരംഭിക്കുമ്പോൾ രാവിലെയുള്ള പ്രാർത്ഥനയെക്കുറിച്ചു വീണ്ടും ഓർക്കും. പ്രാർത്ഥനയ്ക്ക് വിധേയമായ അവയവങ്ങളിൽ എതെങ്കിലും കർത്താവിന്റെ കാവലിൽ നിന്ന് വഴുതിയിട്ടുണ്ടോ എന്നു കുറച്ചു സമയം പരിശോധിച്ച ശേഷം അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ ഉടനെ തന്നെ അതിനു വേണ്ടി കർത്താവിനോട് മാപ്പപേക്ഷിച്ചു പ്രാർത്ഥിച്ചു അതിൽ നിന്നു വിമുക്തനാവുകയും ചെയ്യും. ആ തെറ്റ് വീണ്ടും ആവർത്തിക്കാതിരിക്കുന്നതിനു തീരുമാനം എടുക്കുകയും ചെയ്യും.

ഈ പ്രാർത്ഥന ഞാൻ ഇന്നും ക്രമമായി ചെയ്തു കൊണ്ടിരിക്കുകയാണ്.

ഈ വിധത്തിൽ ഒരു കാത്തുസൂക്ഷിപ്പു എന്റെ ജീവിതത്തിൽ തുടർച്ചയായി ഏർപ്പെടുത്തിയതുകൊണ്ടാണ് കർത്താവിന്റെ കൃപകളോടുകൂടെ ഞാൻ ഇന്നും ദൈവവേല ചെയ്യുന്നത്.

എനിക്കു സംഭവിച്ച അതേ പരീക്ഷ തന്നെ എല്ലാവർക്കും ഉണ്ടായിരിക്കാൻ ഇടയില്ല. അവരവരുടെ ജോലി സ്ഥലങ്ങൾ തൊഴിലുകൾ എന്നിങ്ങനെയുള്ള അവരവരുടെ ചുറ്റുപാടുകൾ സാഹചര്യങ്ങൾ അനുസരിച്ചാണ് പരീക്ഷകൾ സംഭവിക്കുന്നത്.

**മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക്**

പരീക്ഷയിൽ ഉൾപ്പെടാതവണ്ണം തങ്ങളുടെ മക്കൾക്ക് അവരുടെ പ്രായം, ചുറ്റുപാട് എന്നിവയ്ക്കനുസരിച്ച് സംരക്ഷണം ഉണ്ടാക്കിക്കൊടുക്കണം. ഒരു പക്ഷെ ബന്ധുക്കളോ, പരിചയക്കാരോ ആരായാലും ശരി നിങ്ങളുടെ കുട്ടികൾക്ക് ഒരു യുവാവിനേയോ, യുവതിയേയോ തനിച്ചു കണ്ടുമുട്ടുവാനോ പരിചയ പ്പെടുവാനോ ഉള്ള സ്വാതന്ത്ര്യം കൊടുക്കരുത്. അത്യാവശ്യമാണെങ്കിൽ തന്നെ ഏതെങ്കിലും മുതിർന്നവരുടെ മേൽനോട്ടത്തിൽ ഒരു നിശ്ചിത സമയം മാത്രമേ അനുവദിക്കാവൂ. ബന്ധുക്കളായാലും അധികം ഇടപഴകു വാൻ കുട്ടികളെ അനുവദിക്കരുത്. ബന്ധുക്കളുടെ വീടുകളിലേക്കായാലും മുതിർന്നവരുടെ തുണയില്ലാതെ പറഞ്ഞയക്കരുത്. വിവാഹിതരോടു പോലും വളരെ ജാഗ്രതയോടെ വേണം ഇടപഴകേണ്ടത്. ഈ കാര്യങ്ങളിൽ ഉദാസീനരായിരുന്നാൽ പിശാചു നിങ്ങളുടെ മക്കളുടെ ഉള്ളിൽ പ്രവേശിക്കുന്നതിന് നിങ്ങൾ തന്നെ വഴിയുണ്ടാക്കുന്നുവല്ലോ.

**നമ്മുടെ ശ്രദ്ധയ്ക്ക്**

**"നിൽക്കുന്നവൻ വീഴാതിരിക്കട്ടെ"**

**"സ്ത്രീയെ തൊടാതിരിക്കുന്നത് മനുഷ്യനു നല്ലത്"** (1 കൊരി. 7:1)

**ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കാതിരിക്കുന്നതിനു**

**വാക്കിലും**

**നടപ്പിലും**

**സ്നേഹത്തിലും**

**വിശ്വാസത്തിലും**

**നിർമ്മലതയിലും**

**വിശ്വാസികൾക്കു മാതൃകയായിരിക്ക** (1 തിമ.4:12).

**പിശാചിനു ഇടം കൊടുക്കരുത്** (എഫെ. 4:27)

വേഗം വരാൻ പോകുന്ന കർത്താവിന്റെ ആശീർവാദം നിങ്ങളെല്ലാവരോടും കൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ.

**ONLINE BANKING (NEFT)**

**Name : M G E PUSHPARAJ**

| | |
|---|---|
| **STATE BANK OF INDIA** | |
| IFSC CODE - IFSC SBIN0001970 -10764116842 | **A/C No: 10764116842** |
| SWIFT CODE - SBININBB300 | **A/C No: 10764116842** |
| **CANARA BANK - SALEM** (SURAMANGALAM BRANCH) | |
| IFSC CODE - IFSC CNRB0001219- 1219101013622. | **A/C No: 1219101013622.** |
| SWIFT CODE - CNRB0001219 -1219101013622. | **A/C No: 1219101013622.** |

## മോഡറേറ്റർ പദവിയിൽ നിന്നും നീക്കപ്പെട്ടു



സി.എസ്.ഐ. മോഡറേറ്റർ ആയിരുന്ന മോസ്റ്റ്. റവ. ധർമ്മരാജ് റസ്സാലം അവർകൾ അച്ചന്മാരുടെ റിട്ടയർമെന്റ് പ്രായം 67 –ൽ നിന്ന് 70 ആക്കി. ഈ വിഷയത്തിൽ പല കോടതികളിൽ കേസ്സു നടത്തി. എല്ലാ കോടതികളിലും റിട്ടയർമെന്റ് 70 ആയിരിക്കാൻ പാടില്ല. നേരത്തത്തെപ്പോലെ 67 ആയിരിക്കണം എന്നു പറഞ്ഞ് മോഡറേറ്റ് നല്കിയ എല്ലാ കേസ്സും തള്ളിക്കളഞ്ഞു. എന്നാലും വാശിയായി പദവിയിൽ നിന്നു മാറാതിരുന്നു. അടുത്തകാലത്ത് വന്ന കോടതി വിധി ധർമ്മരാജ് റസ്സാലം അവർകളെ ഈ പദവിയിൽ ഇരിക്കാൻ പാടില്ല എന്നു അറിയിച്ചു.

പദവിമോഹം രാഷ്ട്രീയക്കാർക്കു മാത്രമല്ല നമ്മുടെ സഭകളിലെ മോഡറേറ്ററിൽ നിന്നു സെക്രട്ടറി വരെ എല്ലാവർക്കും ഉണ്ട്.

ചില സ്ഥലത്ത് പുതിയ ബിഷപ്പുമാരെ തെരഞ്ഞെടുക്കേണ്ട ആവശ്യം ഉണ്ട്. അതിനുവേണ്ടി നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം.

## മസ്കറ്റ് കൺവെൻഷൻ

2023 നവംബർ മാസം 21–23 തീയതികളിൽ അറേബ്യനാടുകളിൽ ഒന്നായ മസ്കറ്റ് എന്ന സ്ഥലത്ത് ദൈവം അനുവദിച്ചാൽ പോയി പ്രസംഗിക്കാൻ തീയതി കൊടുത്തിരിക്കുന്നു. ദൈവത്തിന് ഇഷ്ടമായാൽ ഈ യോഗങ്ങളിൽ പ്രസംഗിച്ച് സൗഖ്യത്തോടെ മടങ്ങി വരും എന്നു ഞാൻ പ്രതീക്ഷിക്കുന്നു.

പ്രത്യേക ആലോചനക്കും പ്രത്യേക പ്രാർത്ഥനക്കും ബന്ധപ്പെടേണ്ട നമ്പർ.

**Mr. SPERGEN**

Phone : 0096899003158

Church Name : **Jesus is the way - The Truth and the life Church** (JWTL Church)

**JULY-2023**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.